ഗസൽ

(൧)

3836
3836
3836



By

അബ്ദുൽ ഖാദർ ഖാരി

എ. പി. എസ്. പ്രസിദ്ധീകരണം

ഹസ്സൂത്ത് അലി (റ)

(രണ്ടാംപതിപ്പ്.)

3836

Date

By,

അബ്ദുൽ ഖാദർ ഖാരി. (മർഹൂം)

—*—

വില 25 പൈസ.

പ്രസാധകർ:—

ആമിനാ ബുക്ക് സ്റ്റാൾ,

(ഫോൺ 787.)

തൃശ്ശൂർ-1.

ഒന്നാംപതിപ്പ് കോപ്പികൾ 1000.
1956 ജൂലായ് 5.
രണ്ടാംപതിപ്പ് കോപ്പി 1000.
1960 ജൂലായ്.

സർവ്വാവകാശങ്ങളും ആമിനാ ബുക്സ്റ്റാളിനും.

[MALAYALAM]

'HASRATH ALI' (RA)

(HISTORY)

By,

Abdul Khader Khari.

All RIGHTS RESERVED TO PUBLISHERS
2ND IMPRESSION COPIES ONE THOUSAND.
JULY 1960.

PRICE. N. P. 25.

Publishers,
AMINA BOOK STALL,
(PHONE 787)
TRICHUR-1.

Printed at Gurudeva Printing Works, Kandassankadavu.

ഹസ്രത്ത് അലി (റ)

മുസ്ലിം സമുദായ സാമ്രാജ്യത്തിന്റെ നാലാം ഖലീഫയായ അലിയ്യിബിൻ അബൂത്വാലിബിന്റെ പേരുകേട്ടിട്ടില്ലാത്തവർ മുസ്ലിംകളിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. ഇദ്ദേഹത്തിനു് അബുൽഹസൻ, അബൂതുറാബു്, അസദുല്ല, ഹൈദർ എന്നൊക്കെ പേരുകളുണ്ടു്. നബിതിരുമേനി (സ) യുടെ മാതാപിതാക്കളുടെ മരണാനന്തരം തിരുമേനിയുടെ സംരക്ഷണഭാരം സ്വതഃ ഹ്മാംവണ്ണം നടത്തിപ്പോന്ന അബൂത്വാലിബിന്റെ പുത്രനാണു് നമ്മുടെ ചരിത്രനായകൻ.

ബാലദശമുതൽ നബിതിരുമേനിയുടെ ശുശ്രൂഷയിലാണു് അലി (റ) വളർന്നതു്. സ്വന്ത സന്താനത്തെപ്പോലെയാണു് നബിതിരുമേനി അദ്ദേഹത്തെ വളർത്തിയതു്.

ഒരവസരത്തിൽ മക്കാപട്ടണം ക്ഷാമബാധയുടെ നിർദ്ദയ പീഡനത്തിനു് വിധേയമായി. അലി(റ)യുടെ പിതാവായ അബൂത്വാലിബിനു് നാലു സന്താനങ്ങളാണുണ്ടായിരുന്നതു്. അവരെ സംരക്ഷിക്കുവാൻ വളരെ വിഷമിക്കുന്നുണ്ടായിരുന്നു അദ്ദേഹം പ്രസ്തുത വിവരം നബിതിരുമേനി(സ)ക്കറിവുകിട്ടി. അദ്ദേഹം തന്റെ പിതൃസഹോദരനായ അബ്ബാസു് (റ) യോടു് പറഞ്ഞു. ''അബൂത്വാലിബു് പ്രാരാബ്ധക്കാരനാണു്. ഇന്നത്തെ ജീവിത വൈഷമ്യങ്ങളെ അടിസ്ഥാനമാക്കി കഴിയുന്ന സഹായങ്ങളും അദ്ദേഹത്തിനു് ചെയ്യേണ്ടതു് നമ്മുടെ കടമയാണു്.''

''അബൂത്വാലിബിന്റെ പുത്രന്മാരിൽ ഒരാളെ നിങ്ങളും സംരക്ഷിക്കയാണെങ്കിൽ മറ്റൊരാളെ ഞാനും സംരക്ഷിച്ചുകൊള്ളാം'' എന്നാണു് അബ്ബാസു് പറഞ്ഞ മറുപടി.

അബൂതാലിബിനു്, അഖീൽ, താലിബു്, അലി, ജഅ ഫർ എന്നിങ്ങനെ നാലു പുത്രന്മാരുണ്ടായിരുന്നതിൽ അലി (റ) യെ നബിതിരുമേനി(സ)കൂട്ടിക്കൊണ്ടുപോരുകയും ജഅഫറിന്റെ വളർത്തുഭാരം അബ്ബാസു്(റ) ഏറെറടുക്കുകയും ചെയ്തു. അങ്ങനെ അലി (റ) തിരുമേനിയുടെ കൂടെ സ്വന്തമകനെപ്പോലെ വളർന്നു വന്നു. അലി (റ) യുടെ പതാമത്തെ വയസ്സിലാണു് നബിതിരുമേനി (സ) ക്കു് നബിത്വപട്ടം കിട്ടിയതു്.

ഇസ്ലാം.

ഒരു ദിവസം നബിതിരുമേനി (സ) യോടുകൂടി ഉമ്മുൽ മുഅ്മിനീൻ ഖദീജ(റ)നമസ്കരിച്ചുകൊണ്ടിരിക്കയായിരുന്നു. അങ്ങനെ ഒരു സംഭവം അലി(റ)അതിനുമുമ്പൊരിക്കലും കണ്ടിട്ടില്ലായിരുന്നു. അദ്ദേഹം ആശ്ചര്യഭരിതനായി അതു നോക്കിക്കൊണ്ടുനിന്നു. അവർ നമസ്കാരത്തിൽനിന്നു് വിരമിച്ചശേഷം ബാലനായ അലി (റ) ചോദിച്ചു. "നിങ്ങളെന്താണി ചെയ്തിരുന്നതു്?"

നബിതിരുമേനി (സ) "നാമീകാണുന്ന സർവ്വ ചരാചരങ്ങളുടേയും സൃഷ്ടി സ്ഥിതിസംഹാരകനായ അല്ലാഹുവിനെ ആരാധിക്കയായിരുന്നു ഞങ്ങളം. മനുഷ്യരായ നാം; നമ്മുടെ സൃഷ്ടികർത്താവും രക്ഷകർത്താവുമായ അല്ലാഹുവിനെ വണങ്ങുകയും അവന്റെ റസൂലിന്റെ കല്പനകളെ അനുസരിക്കുകയും ചെയ്യേണ്ടതാണു്. മുഹമ്മദുനബി, അതെ ഞാൻ അല്ലാഹുവിന്റെ നബിയാണു്. നാം സ്വീകരിക്കേണ്ടമതം സത്യമതമായ ഇസ്ലാമാണു." എന്നൊക്കെ വിശദീകരിച്ചു കേൾപ്പിച്ചു.

നബി (സ) തിരുമേനിയിൽനിന്നു കിട്ടിയ ഉപദേശങ്ങളെ സംബന്ധിച്ചു് അലി(റ)ഗാഢമായി ചിന്തിച്ചുനോക്കി. അതിനുശേഷം ഇസ്ലാംമതം വരിക്കുവാൻതന്നെ തീച്ചയാക്കി. അങ്ങനെ നബിതിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരാവുകയും ഇസ്ലാംമതം ആശ്ലേഷിക്കയും ചെയ്തു. ബാലന്മാരിൽ ഇടംപ്രഥമമായി ഇസ്ലാംമതം വരിച്ചതു് അലി (റ) യാണു്.

വിദ്യാഭ്യാസം

വിദ്യാഭ്യാസാദികം നബിതിരുമേനി (സ) യിൽനിന്നുതന്നെയാണു് സംസിദ്ധമായതു്. "പ്രതിദിനം രണ്ടു പ്രാവശ്യം വീതം നബി

സന്നിധിയിൽ ഹാജരാകുവാൻ എനിക്കൊരുവാദമുണ്ടായിരുന്നു. അങ്ങനെ ഒരനുവാദം എനിക്കില്ലാതെ മറ്റാർക്കുംതന്നെ ഉണ്ടായിരുന്നില്ല'' എന്നു് അലി (റ) തന്നെ പറഞ്ഞിട്ടുണ്ടു്. ''ഞാൻ വിജ്ഞാനനഗരവും അലി (റ) അതിന്റെ പ്രവേശനദ്വാരവുമാണെന്നു്'' തിരുമേനി (സ) അരുളിയിരിക്കുന്നു.

മക്കയിലെ ജീവിതം ഇസ്ലാംമതം വരിച്ചതിനുു് ശേഷം പതിമൂന്നു സംവത്സരം വരെ അലി (റ) മക്കാ പട്ടണത്തിൽതന്നെ താമസിച്ചിരുന്നു.

ഇസ്ലാമിന്റെ ഉദയകാലങ്ങളിൽ കാഫിരീങ്ങളെ ഭയന്നാണു് മുസ്ലിംകൾ ജീവിച്ചിരുന്നതു്. അല്ലാഹുവിന്റെ നാമം പരസ്യമായി ഉച്ചരിക്കുവാൻപോലും അവർക്കു് ധൈര്യമുണ്ടായിരുന്നില്ല. നബിതിരുമേനിയും മറ്റും നമസ്കരിച്ചിരുന്നതു പോലും വളരെ രഹസ്യമായിട്ടായിരുന്നു. ചരിത്രനായകൻ നബികരീം (സ) യോടു് നമസ്കാരത്തിൽ പങ്കുകൊണ്ടിരുന്നു. ഒരുദിവസം നബിതിരുമേനി(സ)അലി(റ)യോടുകൂടി നമസ്കരിക്കുന്ന അവസരത്തിൽ അബൂതാലിബു് അവിടെ വരുകയുണ്ടായി. അവർ നമസ്കാരത്തിൽനിന്നു് വിരമിച്ചശേഷം അദ്ദേഹം ചോദിച്ചു. 'നിങ്ങളെന്താണീചെയ്തിരുന്നതു്?'' ''ഞങ്ങൾ അല്ലാഹുവിനെ ആരാധിക്കയായിരുന്നു'' പ്രവാചകവര്യൻ പ്രതിവചിച്ചു. ''ഞങ്ങളുടെ ഈ ആരാധനയാണു് ഇസ്ലാം വിധിച്ചിട്ടുള്ളതു്. ഇസ്ലാം; അല്ലാഹുവിനേറെയും, അവന്റെ മലക്കുകളുടേയും, അവന്റെ പ്രവാചകന്മാരുടേയും; നമ്മുടെ പ്രവാചകനായിരുന്ന ഇബ്രാഹിം നബി (അ) യുടേയും മതമാണു്. എന്നെ സമസ്തലോകപ്രവാചകരായി അല്ലാഹു നിയമിച്ചയച്ചിരിക്കയാണു്. നിങ്ങളെയൊക്കെ ഈ സത്യമതത്തിലേക്കു് ക്ഷണിക്കയാണു'' എന്റെ ജോലി. നിങ്ങളും ഇസ്ലാമതം ആശ്ലേഷിച്ചുകൊണ്ടു് എന്നെ സഹായിക്കേണ്ടതാണു്'' എന്നിങ്ങനെ പ്രവാചകശ്രേഷ്ഠൻ (സ) വിശദമാക്കി അതിനു മറുപടിയായി അബൂതാലിബു് പറഞ്ഞു. ''മതം സ്വീകരിക്കാനും മറ്റും വിഷമമാണു്. എങ്കിലും സത്യസന്ധനും, സഹോദരപുത്രനും ആയ നിങ്ങളെ കഴിയുംവിധം സഹായിക്കുവാൻ സന്നദ്ധനാണു് ഞാൻ.''

അതിനുശേഷം അലി (റ) യുടെ നേരെ തിരിഞ്ഞു. എന്നിട്ടു് ചോദിച്ചു. ''മകനെ! ഏതു മതമാണു് നീ സ്വീകരിച്ചിരിക്കുന്നതു്?''

''വന്ദ്യപിതാവേ! ഞാൻ നബിതിരുമേനി(സ)യുടെ പരിശുദ്ധ മതത്തിൽ വിശ്വസിച്ചിരിക്കുന്നു. അദ്ദേഹം പരിശുദ്ധ മതപ്രവാചകരാണു് എന്നു് ഉത്തമവിശ്വാസമുണ്ടെനിക്കു്. അതാണു് ഞാൻ അവിടുത്തോടു കൂടി നമസ്കരിക്കയും മറ്റും ചെയ്യുന്നതു്.'' പ്രസ്തുത മറുപടി കേട്ടു് സന്തുഷ്ടനായ അബൂതാലിബു് തുടർന്നു. ''ഇതു വളരെ നന്നായിട്ടുണ്ടു്. നിങ്ങളും ഈ പരിപാവന മതത്തിൽ അടിയുറച്ചുനിന്നു് ദൈവസേവനടത്തുകയാണു് വേണ്ടതു്''.

ഹജ്ജു്സമ്മേളനത്തിൽ സംബന്ധിക്കുവാൻ വരുന്ന ജനങ്ങളിൽ ഇസ്ലാമത പ്രബോധനം എത്തിച്ചുകൊടുക്കുവാൻ പ്രവാചകശിരോമണി (സ) അബൂബക്കർ സിദ്ദീഖിനോടുകൂടി പോകാറുണ്ടായിരുന്നു. അന്നു് നമ്മുടെ ചരിത്രനായകന്റെ കൌമാരദശയായിരുന്നു. എങ്കിലും അദ്ദേഹം ആ മതപ്രചാരകന്മാരെ അനുഗമിക്കുന്നതിൽ അതീവ ഉത്സാഹകനായിരുന്നു.

അതിഥിസല്ക്കാരം

ഇസ്ലാമിന്റെ ശൈശവദശയിൽ ഒരു സംഭവമുണ്ടായി. നബിതിരുമേനി(സ) തന്റെ മിത്രങ്ങളെ വിളിച്ചുകൂട്ടി മതപ്രബോധനം ചെയ്യുവാൻ തീച്ചയാക്കി. പ്രസ്തുത വിവരം അലി (റ) യോടു പറയുകയുണ്ടായി. ആ അവസരത്തിൽ ഒരു അതിഥിസല്ക്കാരം നടത്തണമെന്നായിരുന്നു നബി (സ) തിരുമേനി കരുതിയതു്. അന്നു് കഥാനായകനു കഷ്ടിച്ചു് പതിനഞ്ചു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. സല്ക്കാരത്തിനുവേണ്ട വിഭവങ്ങൾ തയ്യാറാക്കുന്ന ഭാരം അലിയെയാണു് ഏല്പിച്ചിരുന്നതു്. രുചികരമായ വിഭവങ്ങൾ അദ്ദേഹം തയ്യാറാക്കിയിരുന്നു. ഗോതമ്പുറൊട്ടിയും മാംസക്കറികളും മധുരപദാർത്ഥങ്ങളുമായിരുന്നു വിഭവങ്ങൾ. പ്രസ്തുത സല്ക്കാരത്തിൽ പങ്കുകൊള്ളുവാൻ നബി (സ) തിരുമേനി തന്റെ ഗോത്രക്കാരിൽ

മിക്ക പേരേയും ക്ഷണിച്ചിരുന്നു. ഹംസതു്, അബ്ബാസു്, അബൂതാലിബു്, അബൂലഹബു്, ആദിയായവക്കുപുറമെ പ്രൈശിനേതാക്കളിൽ പലരും അതിൽ പങ്കെടുത്തിരുന്നു. അവരെല്ലാം എത്തിച്ചേർന്നു് വിഭവസമൃദ്ധമായ ഭക്ഷണാദികളും കഴിഞ്ഞശേഷം നബിതിരുമേനി (സ) അവരെ അഭിമുഖീകരിച്ചുകൊണ്ടു് ഒരു പ്രസംഗം നടത്തി:—

"മഹാജനങ്ങളെ! ഇഹലോകജീവിതം കൊണ്ടു് മുക്തി നേടുവാനുപകരിക്കുന്ന ഏകമതമാണു് ഇസ്ലാം. പ്രസ്തുത മതം പ്രചരിപ്പിക്കുവാനുള്ള പ്രചാരകരായി അല്ലാഹു എന്നെയാണു് നിയോഗിച്ചിരിക്കുന്നതു്. എന്റെ ആ സദുദ്യമത്തിൽ നിങ്ങളെന്നെ സഹായിക്കുമെന്നു് ഞാനാശിക്കട്ടെയോ?" പ്രസ്തുത ചോദ്യം കേട്ടു് ആ സദസ്യർ മൗനം പാലിക്കയാണുണ്ടായതു്. എന്നാൽ സദസ്സിൽ തന്നെ ഉണ്ടായിരുന്ന അലി (റ)എഴുന്നേറ്റുനിന്നുകൊണ്ടു് പറഞ്ഞു:— "ഞാനൊരുബാലനാണു്. എന്റെ സൂക്ഷ്മവീക്ഷണം വിദൂരതയിലിരിക്കുന്ന ഒന്നിനെ കണ്ടറിയുവാൻ ശക്തിയുള്ളതല്ല. എന്റെ കാലുകൾ അടിയുറപ്പുള്ളതായിട്ടില്ല. എങ്കിലും അല്ലാഹുവിന്റെ മതമായ ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിനു് എന്നെക്കൊണ്ടാവുന്ന ഏതു ത്യാഗവും വരിക്കുവാൻ ഞാൻ സന്നദ്ധനാണു്. ആ ചോദ്യം മൂന്നു പ്രാവശ്യം ആവർത്തിക്കപ്പെടുകയും അലി (റ) അതെ സമാധാനം നല്കുകയും ചെയ്തു. എന്നാൽ സദസ്യരിൽനിന്നു മറ്റാരും ഒന്നും പറയാതെ ഇരിക്കുകയാണുണ്ടായതു്. അതുകണ്ട നബി (സ) അലിയോടായി കല്പിച്ചു. "അലി! നീ എന്റെ സഹോദരനും അവകാശിയുമാണു്."

ഹിജറത്തു്

അമുസ്ലീംകളുടെ ശല്യം അസഹ്യമായിതീർന്നതിനെ തുടർന്നു് നബികരീം (സ) മദീനയിലേക്കു് ഹിജറത്തു് ചെയ്യുവാൻ തീർച്ചയാക്കി. കുടുംബം, സ്വത്തു് മുതലായവയെ മക്കയിൽ വിട്ടിട്ടു് ആ ജനം; അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനയെ അടിസ്ഥാനമാക്കി മദീനയിലേക്കു പുറപ്പെട്ടു. മുസ്ലീംകളുടെ ആ യാത്ര മക്കാ കാഫിരീങ്ങളെ പുളകംകൊള്ളിച്ചു. അശക്തരായി അഭയാ

ത്ഥികളായി മദീനയിൽ കുടിയേറിതാമസിക്കുന്ന ഇവരെ കീഴടക്കുവാനുള്ള സന്ദർഭമാണിതെന്നു് അവർ കണ്ടു. അങ്ങനെ അവർ ഭാവി പരിപാടികളെ സംബന്ധിച്ചാലോചിക്കുവാൻ വേണ്ടി ഒരു കമ്മറ്റി കൂടി. പ്രസ്തുത കമ്മറ്റിയിൽ വെച്ചു് അവർ തീരുമാനിച്ചു, ബഹുഭൂരിപക്ഷം മുസ്ലീംകളോടു് മല്ലടിച്ചു് ജയിക്കുവാൻ നോക്കുന്നതിൽ ഭേദം മുസ്ലീംകളുടെ പ്രവാചകശിരോമണി (സ) യെ തന്നെ കൊലപ്പെടുത്തുകയാണെന്നു്. അതിനായി അവർ നബിതിരുമേനി (സ) യുടെ വസതിയെ വളഞ്ഞു. എന്നാൽ ആ ഉദ്ദേശം നബിതിരുമേനിക്കു മനസ്സിലായി അന്നരാത്രി നമ്മുടെ ചരിത്രനായകനെ തിരുമേനി(സ)യുടെ വിരിപ്പിൽ കിടന്നുറങ്ങുവാൻ കല്പിക്കുകയും, തിരുമേനി(സ)യുടെ പക്കൽ സൂക്ഷിക്കുവാനേല്പിച്ചിരുന്ന അമാനത്തുകളെ അതാതിന്റെ ഉടമസ്ഥന്മാക്കു് കൊടുക്കേണ്ട ഭാരം അലി(റ)യെ ഏല്പിക്കുകയും ചെയ്തു. അതുകൂടി കഴിയുന്നതുവരെ മക്കയിൽ താമസിക്കുകയും പിന്നീടു് മദീനയിലേക്കു് വരുവാൻ കല്പിക്കുകയും ചെയ്തശേഷം നബിതിരുമേനി (സ) അബൂബക്കർ (റ) യോടുകൂടി അദ്ദേഹത്തിന്റെ വസതിയിലേക്കു് പോയി. അങ്ങനെ നബി (സ) തിരുമേനി അബൂബക്കർ (റ) യോടുകൂടി ആ വീട്ടിൽനിന്നിറങ്ങിപോകുന്ന അവസരത്തിൽ കാഫിരീങ്ങളും ആ ഭവനത്തെ വളഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ നബിതിരുമേനിയും മറ്റും അവിടം വിട്ടുപോകുന്ന അവസരത്തിൽ അമുസ്ലിംകളും ബോധരഹിതരായി ഉറങ്ങുകയായിരുന്നു. കാഫിരീങ്ങളും ഉണർന്നു് ആ ഭവനം പരിശോധിച്ചപ്പോളാണവക്കു് മനസ്സിലായതു് തന്റെ ജീവനെപോലും തൃണവൽഗണിച്ചുകൊണ്ടു് അലി (റ) ആ വിരിപ്പിൽ കിടന്നുറങ്ങുകയാണെന്നു്.

അലി (റ) മദീനയിലേക്കു്

പ്രസ്തുത സംഭവത്തിനുശേഷം മൂന്നു് ദിവസം അലി മക്കയിൽ താമസിച്ചു; നബിതിരുമേനി (സ) കല്പിച്ചേല്പിച്ചിരുന്ന സംഗതികളും യഥാവിധി നിവൃത്തിച്ചശേഷം മദീനയിലേക്കു പുറപ്പെട്ടു. മദീനയിൽ എത്തി ന

ബി (സ) തിരുമേനി താമസിച്ചിരുന്ന അതേ ഭവനത്തിൽ തന്നെയാണു് അലി (റ) യും താമസിച്ചതു്.

സാഹോദര്യം

മക്കയിൽനിന്നു മദീനയിലെത്തിയ മുസ്ലീം കളും സ്വസ്വവും ഉപേക്ഷിച്ചു് വെറും കയ്യോടെയാണവിടെ വന്നുചേർന്നതു്. അവരുടെ കൈവശം ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അവരെ സഹായിക്കുന്നതിനുവേണ്ടി നബിതിരുമേനി (സ) മദീനാ നിവാസികളെ വിളിച്ചുവരുത്തി ഉപദേശിച്ചു. ''മക്കയിൽനിന്നുവന്ന മുഹാജിറുകളും മദീനാനിവാസികളായ അൽസാറുകളും ഏകോദരസഹോദരന്മാരെ പോലെ ജീവിക്കണമെന്നു്; അതായതു് എല്ലാ സംഗതികളിലും മക്കാവികളോടു് സഹോദരഭാവത്തിൽ വർത്തിക്കണമെന്നു്. അൽസാറുകളിൽ ഓരോരുത്തരും അവരുടെ ശക്തിക്കനുസരിച്ചു് മുഹാജിറുകളെ സഹോദര ഭാവനയോടെ സ്വീകരിച്ചു. എന്നാൽ അലി (റ) യെ ആരുടേയും സഹോദര ബന്ധത്തിൽ പെടുത്തിയിരുന്നില്ല. അതു് കണ്ടു് അലി (റ) വിഷാദത്തോടെ ചോദിച്ചു. ''യാറസൂലല്ലാ! മുഹാജിറുകളെല്ലാവരും അൻസാരികളിൽ ഓരോരുത്തരുടേയും സാഹോദര്യത്തിനു് വിധേയരായിക്കഴിഞ്ഞു. എന്നാൽ എന്നെ മാത്രം അതിൽ നിന്നൊഴിവാക്കി നിർത്തുവാൻ കാരണമെന്താണു്?'' ''മറ്റൊന്നുകൊണ്ടുമല്ല. അലി എന്റെ കൂടെ ഉണ്ടായിരിക്കണമെന്നു് കരുതീട്ടുമാത്രമാണു്.'' തിരുമേനി (സ) പ്രതിവചിച്ചു.

ബദർയുദ്ധം

നബിതിരുമേനി (സ) യുടെ ജീവിതോദ്ദേശ്യത്തിലുണ്ടായിട്ടുള്ള സമരങ്ങളിലെല്ലാം അലി (റ) പങ്കെടുത്തിട്ടുണ്ടു്. തദവസരങ്ങളിൽ പ്രകടമാക്കിയിട്ടുള്ള ധീരപരാക്രമങ്ങളെ പരിഗണിച്ചുകൊണ്ടു് ''സെയ്യിദുൽ അഷ്ജഈൻ''–''അല്ലാഹുവിന്റെ സിംഹം'' എന്നൊക്കെ ചില സ്ഥാനപ്പേരുകളും കിട്ടുകയുണ്ടായി. അലി (റ) പങ്കെടുത്തിട്ടുള്ള സമരങ്ങളിൽ ചിലതിന്റെ സംക്ഷിപ്ത വിവരം ചുവടെ വിവരിക്കുന്നുണ്ടു്.

ഹിജ്രത്തിന്റെ രണ്ടാം സംവത്സരത്തിൽ വിശ്വാസികളും അസത്യവിശ്വാസികളുമായി നടന്ന സമരത്തിനെയാണു് ബദർയുദ്ധമെന്ന

റിയപ്പെട്ടന്നതു്. പ്രസ്തുത സമരത്തിൽ പങ്കുകൊണ്ടിരുന്ന മുസ്ലിംകളിൽ രണവീരന്മാരായ പലരുമുണ്ടായിരുന്നു. ഉത്ബത്ബിൻറബീഹ, ഷുഅയിബ്ബിൻറബാഹ, വലീദുബിൻഉത്ബത്തു് തുടങ്ങിയവരാണു് പ്രഥമസ്ഥാനം അഹ്കിക്കുന്നതു്. അവർ രണാങ്കണത്തിൽ ഇറങ്ങിനിന്നുകൊണ്ടു് വിളിച്ചുപറഞ്ഞു. അവരുമായി സമരംചെയ്യുവാൻ ഉദ്ദേശിക്കുന്നവർ ഇറങ്ങിവരുവാൻ. മുസ്ലിംസേനയിൽ നിന്നു ഇറങ്ങിച്ചെന്ന ചിലർ അൻസാറുകളിൽപെട്ടവരായിരുന്നു. അതുകണ്ടു് ആ അമുസ്ലിംപ്രമുഖന്മാർ ചോദിച്ചു. "നിങ്ങളാരാണു്?"

"ഞങ്ങളാൽസാറുകളെന്നു പറയുന്ന മദീനക്കാരാണു്."

"അൽസാറുകളോടു് സമരംചെയ്യുവാൻ ഞങ്ങളുദ്ദേശിക്കുന്നില്ല." കാഫിറുകളാണു തുടന്നു. അന്യായാക്രമകാരായ നിങ്ങളുമായി സമരംചെയ്യുന്നതു് ഞങ്ങളുടെ പദവിക്കു ചേർന്നതല്ല. ഞങ്ങളുടെ വർഗ്ഗക്കാരായ മുസ്ലിംകളാണു് അതെ മുഹാജിറീങ്ങളാണു് അവരോടു പൊരുതുവാൻ വേണ്ടിയാണു് ഞങ്ങളിവിടെ വന്നിരിക്കുന്നതു്." എന്നു പറഞ്ഞിട്ടു് അവരെ മടക്കി അയച്ചു. അതിനുശേഷം നബിതിരുമേനി (സ) യോടായിക്കൊണ്ടു പറഞ്ഞു. "മുഹമ്മദേ. (സ) ഞങ്ങളോടുപൊരുതുവാൻ നമ്മുടെ വർഗ്ഗത്തിൽനിന്നാരെയെങ്കിലും അയക്കണം."

അതിനുശേഷം ഹംസ (റ), അലി (റ), ഉബൈദു് (റ) എന്നിവർ പടക്കളത്തിലിറങ്ങി. അവരെ കണ്ട ഉടനെ കാഫിരീങ്ങൾ ചോദിച്ചു. "നിങ്ങളാരാണു്."

ആഗതർ അവരുടെ വംശം; പേരു് മുതലായവ വിശദമാക്കി. അതു് കേട്ടഉടനെ ആ അഹംഭാവികൾ പരിഹാസസ്വരത്തിൽ പറഞ്ഞു, "ഇപ്പോൾ മാത്രമേ ജോഡി ഒത്തുവന്നിട്ടുള്ളൂ. ഇനി യുദ്ധംചെയ്യുവാൻ രസമുണ്ടു്." അതിനുശേഷം പ്രസ്തുത ജോഡികൾ പൊരുതിതുടങ്ങി. ഹംസ (റ) യുടെ ഒരു വെട്ടിനു തന്നെ അദ്ദേഹത്തിന്റെ എതുകക്ഷിക്കാരനായ ഷുഐബു് ബിൻറബീഹ നിലംപതിച്ചു. അലി (റ) യുടെ എതിരായി പൊരുതിയിരുന്ന വലീദിന്റെ കഥയും കഴിഞ്ഞു. എന്നാൽ മുസ്ലിംഭടന്മാരിൽ വൃദ്ധനായ ഉബൈദു് (റ) ഉത്ബയുമായി

പൊരുതികൊണ്ടിരിക്കവെ അദ്ദേഹം മുറിവേല്ക്കുകയാണുണ്ടായതു്. അതുകണ്ടു് അലി (റ) ഉബൈദ (റ) യെ സഹായിക്കുവാൻ വേണ്ടി ഓടിച്ചെന്നു. അലി (റ) യുടെ ഖഡ്ഗപ്രഹരം ഉത്ബയെ ജഹന്നത്തിലേക്കയച്ചു. അതിനുശേഷം കുട്ടയുദ്ധം തുടങ്ങി. തദവസരത്തിൽ അലി (റ) യുടെ ഖഡ്ഗം മിന്നൽ പിണർ പോലെ വീശികൊണ്ടിരുന്നു. അദ്ദേഹംതിരിയുന്ന ഭാഗങ്ങളിൽ ശത്രുക്കൾ കൂട്ടം കൂട്ടമായി നിലംപതിച്ചുകൊണ്ടിരുന്നു. ഈ സമരത്തിൽ അദ്ദേഹം പ്രകടിപ്പിച്ച രണപാടവത്തിനു് സമ്മാനമായി ഒരു ഖഡ്ഗവും (ദുൽഫഖാർ അതായിരുന്നുവത്രെ ആ ഖഡ്ഗത്തിന്റെ പേർ.) ഒരു ഒട്ടകവും കുറെ സ്വർണ്ണനാണയങ്ങളും സമ്മാനിക്കുകയുണ്ടായി.

വിവാഹം

ബദർയുദ്ധം നടന്ന അതേ വർഷത്തിൽ അതായതു് ഹിജ്രത്തിന്റെ രണ്ടാംകൊല്ലത്തിൽ നബി(സ)തിരുമേനി തന്റെ കനിഷ്ഠപുത്രിയായ ഫാതിമ(റ)യെ അലി (റ)ക്കു് പാണിഗ്രഹണം ചെയ്തുകൊടുത്തു.

നബി (സ) തിരുമേനി മദീനയിൽ എത്തുന്നതിനു് മുമ്പുതന്നെ അവിടുത്തെ വീട്ടുകാരെയെല്ലാം അങ്ങോട്ടയച്ചിരുന്നു. ഫാതിമ [റ] യുടെ പതിപദം തനിക്കു് കിട്ടണമെന്നഭ്യർത്ഥിച്ചുകൊണ്ടു് അബൂബക്കർ സിദ്ദീഖ് (റ) യാണാദ്യം വന്നതു്. എന്നാൽ അതിനു നബി (സ) തിരുമേനി പറഞ്ഞ സമാധാനം അല്ലാഹുവിന്റെ കല്പനയെ കാത്തിരിക്കുക എന്നു മാത്രമായിരുന്നു. രണ്ടാമതായി ഉമർ ഫാറൂഖ് (റ) യുടെ വിവാഹാലോചന വന്നു. അതിനും ആശാജനകമായ മറുപടിയൊന്നും കിട്ടുകയുണ്ടായില്ല. അവസാനം അലി (റ) യുടെ ആലോചന വന്നു. തദവസരത്തിൽ തിരുമേനി (സ) ആരാഞ്ഞു; മഹറിനായി എന്താണുള്ളതെന്നു്. "ഒരു കുതിരയും കുറച്ചായുധങ്ങളും മാത്രമേ തങ്ങൾക്കുള്ളൂ." എന്നായിരുന്നു അലി (റ) യുടെ മറുപടി. കുതിര യുദ്ധാവശ്യത്തിനും സഞ്ചാരത്തിനുമായി നീക്കിവെച്ചിട്ടു് ആഭരണങ്ങൾ വിറ്റു പണമാക്കുവാൻ തിരുമേനി [സ] അരുളി. പ്രസ്തുത ആഭരണങ്ങളുമായി അലി [റ] ഉസ്മാൻ ബിൻഅഫ്ഫാ [റ] നെ സമീപിക്കയും

അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ അതു് വിറ്റു് പണമാക്കുകയും ചെയ്തു. അതിൽനിന്നു് കിട്ടിയതു് നാനൂറിരിഎമ്പതു് ദിർഹമായിരുന്നുവത്രേ. ഈ സംഖ്യ നബിതിരുമേനി (സ) യുടെ മുമ്പാകെ ഹാജരാക്കി നബിതിരുമേനി (സ) ഈ തുകയിൽ നിന്നു ആവശ്യമായ സാധനങ്ങൾ വാങ്ങിച്ചിക്കുകയും; അനസു് (റ), അബൂബക്കർ (റ), ഉമർ (റ), ഉസ്മാൻ (റ), അബ്ദുർറഹ്മാൻബിൻഔഹ്(റ), മറ്റു മുഹാജിറുകൾ, അൻസാറുകൾ മുതലായവരെ ക്ഷണിക്കുകയും ചെയ്യുന്ന ഭാരം ഹസ്രത്തു് ബിലാൽ (റ) യെ ഏല്പിക്കുകയും ചെയ്തു. പ്രസ്തുത അതിഥികളെല്ലാം വന്നു ചേർന്നതിനുശേഷം നബി (സ) തിരുമേനി വീട്ടിനുള്ളിൽ പോയി ഫാതിമ (റ) യോടു് വിവാഹവിവരം മഹർ മുതലായവയെ സംബന്ധിച്ചു് പറയുകയും ചെയ്തു. അതിനുശേഷം വധുവിന്റെ സമ്മതം അറിയുവാൻവേണ്ടി അല്പസമയം അങ്ങനെ നില്ക്കുകയും ഉണ്ടായി. എന്നാൽ യുവതത്തിലേക്കു് കാലെടുത്തുവെച്ചിരുന്ന ആ സാധ്വി നബിതിരുമേനി (സ) യുടെ സംസാരം സശ്രദ്ധം ശ്രവിക്കയുണ്ടായെങ്കിലും മറുപടിയൊന്നും പറയാതെ ലജ്ജാനമ്രമുഖിയായി മൌനം അവലംബിക്കമാത്രമാണു് ചെയ്തതു്. എന്നാൽ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായില്ലതാനും. അതിൽനിന്നു് നബിതിരുമേനി അനുമാനിച്ചു. ഫാതിമാ (റ) ക്കതു് സമ്മതമാണെന്നു് അന്നു് ഫാതിമ(റ) യും അലി (റ) യുമായുള്ള വിവാഹം നടന്നു. നാനൂറു് മിസ്ക്കാൽ വെള്ളിയാണു് മഹർ നിശ്ചയിച്ചതു്. വിവാഹവേളയിൽ അലി (റ) ക്കു് ഇരുപത്തിരണ്ടു വയസ്സും വധുവിനു് പതിനഞ്ചര വയസ്സുമാണുണ്ടായിരുന്നതു്. വിവാഹാനന്തരം പതി നൊന്നുമാസം വരെ ഫാതിമ(റ)പിതൃഭവനത്തിൽതന്നെയാണു് താമസിച്ചതു്. അതിനുശേഷമാണു് അവർ ഭർത്തൃഗൃഹത്തിലേക്കു് പോയതു്. ഫാതിമ ഭർത്തൃഗൃഹത്തിൽ താമസമാക്കിയശേഷം നബിതിരുമേനി അവരുടെ വീട്ടിലേക്കു് ചെല്ലുകയും ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവരുവിച്ചു് അതിൽ തന്റെ കരങ്ങളും മുക്കി ആ വധൂവരന്മാരുടെ മേൽ തളിക്കുകയും ചെയ്തു. അതിനുശേഷം അവരുടെ ശ്രേയസ്സിനും ഐശ്വര്യത്തിനും, വേ

ണ്ടി പ്രാർത്ഥിച്ചുകൊണ്ടു് തിരുമേനി തന്റെ ഓമനപുത്രിയായ ഫാതിമയോടു് പറഞ്ഞു. "നമ്മുടെ വംശത്തിലെ ശ്രദ്ധാത്മാക്കളിൽ അഗ്രിമസ്ഥാനം അഹിക്കുന്ന വ്യക്തിയാണു് നിന്റെ ഭർത്താവു്." അലി (റ) ക്കു് തന്റെ മേയ്പ്പവീട്ടിൽ നിന്നുകിട്ടിയ സാധനങ്ങളും; ഒരു പുതപ്പു്, കാരക്കാതൊലി നിറച്ച ഒരു തോൽകിടക്ക, ഒരു കട്ടിൽ, ഒരു ജോടി തിരുവക്കല്ലു്, ഒരു തളിക, ഒന്നരണ്ടു് മൺകുടങ്ങളും ഇത്രമാത്രമായിരുന്നു.

ഉഹദ്യുദ്ധം

പ്രസ്തുത സമരമുഖത്തു് പതാകവാഹകനായിരുന്നതു് മിസ്അബ്ബിൻ ഉമൈർ (റ) യായിരുന്നു. സമരമദ്ധ്യേ അദ്ദേഹം വീരമൃത്യുപ്രാപിച്ചു. അതിനുശേഷം പതാകവാഹകനായി മുന്നണിയിൽ നില്ക്കുന്ന ഭാരം അലി(റ)ക്കാണു് കല്പിച്ചുനല്കിയതു്. ആ ഭാരം അലി (റ) യെ ഏല്പിക്കപ്പെട്ടതിനുശേഷം യുദ്ധത്തിന്റെ ഗതി തീവ്രമായി ഭവിച്ചു. എതിരാളികളുടെ മുന്നണിയിൽ ഇറങ്ങി നിന്നുകൊണ്ടു് അബൂസഈദ്ബിൻതൽഹ എന്നൊരാളും അലി (റ) യെ ആഹ്വാനംചെയ്തുകയുണ്ടായി. അലിയും അയാളുമായി നടന്ന ഏറ്റുമുട്ടലിൽ തൽഹ നിലംപതിച്ചു. അലിയുടെ ഖഡ്ഗപ്രഹരത്തിനു് വിധേയനായ തൽഹ ബുദ്ധിഭ്രമം പിടിപെട്ടവനെപ്പോലെ നിലംപതിക്കയാണുണ്ടായതു്. ഉടനുകൊണ്ടവൻ നഗ്നനായി ചമഞ്ഞു. ഉടൻതന്നെ അലി(റ)ആ ഭാഗത്തേക്കു് നോക്കുകപോലും ചെയ്യാതെ അവിടംവിട്ടുപോന്നു. അതുകണ്ടു് ചിലർ ചോദിച്ചു. "തൽഹയെ വധിക്കാതെ മടങ്ങിയതെന്താണെന്നു്" എന്നെറ വെട്ടേറ്റ ഉടൻ അവൻ വിഭ്രാന്തചിത്തനായി നിലംപതിച്ചു. അവന്റെ വസ്ത്രങ്ങളെ സംബന്ധിച്ചുപോലും ഓർമ്മയില്ലാതെ നഗ്നനായി കിടക്കുന്ന അവനെ സമീപിക്കുവാൻ എനിക്കു് ലജ്ജതോന്നി. അതാണു് ഞാൻ അവനെവിട്ടിട്ടു് പോന്നതു്. അവനിപ്പോൾ മരിച്ചിരിക്കും" അലി (റ) പ്രതിവചിച്ചു.

ഈ യുദ്ധത്തിൽവെച്ചാണു് നബിതിരുമേനി (സ) യുടെ പല്ലുകൾപോവുകയും നെറ്റിത്തടത്തിൽമുറിവേല്ക്കുകയുംചെയ്തതു് അലി (റ)വെള്ളം കൊണ്ടുവന്നൊഴിക്കുകയും ഫാത്തിമ (റ) തിരു

മുഖത്തു് പുരണ്ടിരുന്ന രക്തം കഴുകിവെടിപ്പാക്കുകയും ചെയ്തു. ജലധാര വീഴ്ത്തിക്കൊണ്ടിരുന്നിട്ടും രക്തപ്രവാഹം നില്ക്കാതിരുന്നതിനാൽ അലി [റ] അല്പം ഈത്തപ്പനയോല കരിച്ചു് ചാമ്പൽ ആ മുറിവായിൽ പൂട്ടുകയും അതോടെ ആ രക്തപ്രവാഹം നിലക്കുകയും ചെയ്തു.

ഖൻദഖ് യുദ്ധം

ഖൻദഖ് യുദ്ധത്തിൽ പങ്കെടുത്ത അമുസ്‌ലിം സൈന്യങ്ങളിൽ അബൂ്ദാവൂദ് എന്നറിയപ്പെട്ടിരുന്ന ഒരു ഫയൽമാൻ കൂടിയുണ്ടായിരുന്നു. അവൻ പോക്കളത്തിൽ ഇറങ്ങിനിന്നുകൊണ്ടു് വിളിച്ചുചോദിച്ചു: ''എന്നോടു് മല്ലയുദ്ധം നടത്തുന്നതിനു് ധൈര്യവാന്മാർ മുസ്‌ലിംകളിലുണ്ടോ?'' എന്നു്. പ്രസ്തുത ആഹ്വാനം കേട്ടയുടനെ ചരിത്രനായകൻ പോക്കളത്തിലിറങ്ങി നിന്നുകൊണ്ടു് പറഞ്ഞു: നിങ്ങളോടു് മല്ലിടുവാൻ വരുന്ന മുസൽമാന്റെ ആവശ്യങ്ങളിൽ രണ്ടെണ്ണം സാധിച്ചുകൊടുക്കുന്നതാണെന്നു് നിങ്ങൾ വിളംബരം ചെയ്തിരുന്നല്ലോ.

അബൂ്ദുവുദ്:— അതു് വാസ്തവമാണു്. നിങ്ങൾക്കു് സാധിക്കേണ്ടതെന്താണെന്നു പറഞ്ഞാട്ടെ.

അലി:— അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കയും, അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പ്രഥമസ്ഥാനം അഹ്കിക്കുന്ന ഇസ്‌ലാമതത്തിൽ നിങ്ങൾ ചേരുകയും ചെയ്യണം അതാണെന്റെ ആഗ്രഹങ്ങൾ രണ്ടെണ്ണം.

അബൂ്ദുവുദ്:— അതു് രണ്ടും സാദ്ധ്യമല്ല.

എന്നാൽപിന്നെ സമരംതന്നെ എന്നുപറഞ്ഞുകൊണ്ടു് അലി(റ)മുമ്പോട്ടടുത്തു. അതുകണ്ടു് അവൻ പറഞ്ഞു. കൃശഗാത്രനായ നിങ്ങളെ വധിക്കണമെന്നും മറ്റും എനിക്കാഗ്രഹമില്ല.

നീ എന്നെ വധിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും ദൈവനാമത്തിൽ വിശ്വസിക്കാത്ത നിന്നെ വെറുതെ വിടുവാൻ ഞാനുദ്ദേശിക്കുന്നില്ല. അലി (റ) സഗൗരവം പ്രതിവചിച്ചു.

അതുകേട്ടു് കുപിതനായ അവൻ കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങി. എന്നിട്ടതിന്റെ കാലുകൾ വെട്ടിമുറിച്ചു. ഉടൻതന്നെ ആ മൃഗം നിലംപതിച്ചു ചത്തു. അതിനുശേഷം അലി

[റ] യുടെ നേരെ തിരിഞ്ഞു. അല്പസമയം അവരുടെ ദ്വന്ദയുദ്ധം നടന്നു. അതിനിടയിൽ അലി[റ]യുടെ സുൽഫഖാർ എന്ന ഖഡ്ഗം അവന്റെ ജീവഹാനിക്കിടയാക്കി.

ഖൈബർയുദ്ധം ഹിജ്‌രിയുടെ ഏഴാംവഷ്ത്തിൽ മുസ്ലീംകളും യഹൂദികളുമായിട്ടാണു് ആ യുദ്ധം നടന്നതു്. യഹൂദികളുടെ ശക്തി അനിതരസാധാരണമായി വിപുലീകരിച്ചിരുന്നു. അവരുടെ അധീനതയിൽ പല കോട്ടകളും ഉണ്ടായിരുന്നു. അവർ ആന്തരീകമായി മുസ്ലിംകളെ പ്രതിരോധിക്കുവാൻ സന്നാഹം ചെയ്തുകൊണ്ടിരുന്നു. പതിനായിരത്തിൽപരം ഭടന്മാരോടുകൂടി മദീനാപട്ടണം ആക്രമിക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശം പ്രസ്തുത സംഗതികളും നബിതിരുമേനി [സ] ക്കു് അറിവു് കിട്ടി. താൻ ആയിരത്തിൽ ചിലപാനം ഭടന്മാരുമൊക്കൊള്ളുന്ന ഒരു സേനയോടുകൂടി ഖൈബറിലേക്കെഴുന്നള്ളി. അവർ ഖൈബർ കോട്ടക്കരുകിലെത്തി. യഹൂദികളും കോട്ടക്കകത്തിരുന്നുകൊണ്ടു് അസ്ത്രപ്രയോഗം നടത്തുകയും കല്ലുകളും വഷ്ിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഖൈബറിൽ ഏതാണ്ടും കോട്ടകളുണ്ടായിരുന്നു. ഓരോ കോട്ടയും കൈവശമാക്കുവാൻ വളരെ ബദ്ധപ്പെടേണ്ടിവന്നു. മുസ്ലിംകളുംക്കു് ചില കോട്ടകളെ പിടിച്ചടക്കുവാൻ അബൂബക്കർ [റ] മുതലായവരെ പ്രത്യേകം സൈന്യവിഭാഗത്തോടുകൂടി അയക്കുകയുണ്ടായി. എന്നാൽ പ്രസ്തുത കോട്ട സ്വാധീനമാക്കുവാൻ സാധിക്കാതെ അവർ മടങ്ങുകയാണുണ്ടായതു് അതുകണ്ടു് നബിതിരുമേനി [സ] കല്പിച്ചു: നാളെ രാവിലെ ആ കോട്ടകളും പിടിച്ചടക്കുവാൻ പ്രാപ്തനായ ഒരാളെ ഞാനയക്കുന്നുണ്ടു്. അയാളം അല്ലാഹുവിന്റേയും അവന്റെ റസൂൽ [സ] യുടേയും പ്രീതിയാൽ ആ കോട്ടകളും പിടിച്ചടക്കുകതന്നെചെയ്യും.'' പ്രഭാതത്തിൽ തന്നെ സഹാബാക്കളും നബി (സ) തിരുമേനിയെ സമീപിച്ചു. അവരിൽ ഓരോരുത്തരും പ്രസ്തുത സ്ഥാനത്തിനു് ആഗ്രഹിച്ചുകൊണ്ടു് നില്ക്കുകയായിരുന്നു. സഹാബാക്കളും എല്ലാവരും എത്തിക്കഴിഞ്ഞശേഷം; അവരോ

ടായിക്കൊണ്ടു് നബി [സ]തിരുമേനി ആരാഞ്ഞു. ''അലി [റ] എവിടെ? അദ്ദേഹം കണ്ണുവേദനയായി ഇരിക്കുകയാണെന്നും, അതുകാരണം ഇവിടെ സന്നിഹിതനായിട്ടില്ലെന്നും അവർ അറിയിച്ചു. അതിനെ തുടർന്നു് അദ്ദേഹത്തെ കൂട്ടികൊണ്ടുവരുവാൻ തിരുമേനി കല്പിച്ചു. അല്പസമയത്തിനു് ശേഷം അദ്ദേഹം അവിടെ എത്തി. നബിതിരുമേനി [സ] തന്റെ ചെറുവിരൽ നാവിൽതൊട്ടു് അലി [റ] യുടെ കൺപോളകളിൽ വരച്ചു. ഉടൻ അലി (റ) യുടെ അസ്വാസ്ഥ്യം നിശ്ശേഷം മാറി. അതിനുശേഷം പ്രസ്തുത കോട്ടകളെ ആക്രമിച്ചു പിടിക്കുവാൻവേണ്ടി അലി (റ) യെ അയച്ചു. അലി [റ] പ്രസ്തുത സ്ഥലത്തെ എതിരാളികളോടു് നേരിട്ടു. ആദ്യംതന്നെ അദ്ദേഹം ഇസ്ലാമിക സുവിശേഷങ്ങളെ അവരെ കേൾപ്പിച്ചുകൊണ്ടു് അവരെ ഇസ്ലാമിലേക്കു് ക്ഷണിക്കയാണു് ചെയ്തതു്. എന്നാൽ അവരാ വിശുദ്ധവാക്യങ്ങളൊന്നും ശ്രവിക്കാൻ നില്ക്കാതെ സമരത്തിനൊരുങ്ങുകയാണു് ഉണ്ടായതു്; അതിനെ തുടർന്നു് തീവ്രമായ ഒരു രണം നടന്നു. പ്രസ്തുത രണത്തിൽ അനവധി യഹൂദികളും പരലോകം പൂകി. താമസംവിനാ കോട്ട മുസ്ലിംകൾക്കധീനമായി.

ഫതഹ് മക്ക

ഹിജ്രിയുടെ എട്ടാം സംവത്സരത്തിലാണായുദ്ധമുണ്ടായതു്. പതിനായിരം സഹാബാക്കളോടുകൂടി തിരുമേനി (സ) മക്കാപുണ്യഭൂമിയിലേക്കെഴുന്നള്ളി. നിസ്സാരമായ ഏറുമുട്ടലിനു് ശേഷം മക്കാപട്ടണം നബി(സ)ക്കധീനമായി. കഅബത്തുള്ളായിലാണവരാദ്യം കടന്നതു്. അവിടെ മുന്നൂറിലധികം വിഗ്രഹങ്ങളെ വെച്ചാരാധിച്ചുപോരുന്ന കാലമായിരുന്നതു്. ഇതം പ്രഥമമായി ആ വിഗ്രഹങ്ങളെ അവിടെനിന്നു് നീക്കംചെയ്തു. ഒരു ഭാഗത്തു് ഇബ്രാഹീം (അ) ഇസ്മായിൽ (അ) യുടേയും രൂപമായി ഗണിച്ചുകൊണ്ടാരാധിക്കുന്ന രണ്ടു വിഗ്രഹങ്ങളുണ്ടായിരുന്നു. അവയെ അവിടെനിന്നു് നീക്കംചെയ്തു. എല്ലാ വിഗ്രഹങ്ങളുടേയും മേധാവിയാണെന്നു കരുതി ആരാധിച്ചിരുന്ന വലിയ ഒരു വിഗ്രഹം കഅബയിലുള്ള ഒരു ഇരിമ്പുതൂണിൽ ഘടി

പ്പിച്ചുനിത്തിയിരുന്നു. നായകനായതുകൊണ്ടതിനെ വളരെ ഉയരത്തിലാണു് നിത്തിയിരുന്നതു്. പ്രസ്തുത വിഗ്രഹത്തെ എടുക്കുവാൻ മാത്രം ഉയരം നബി (സ) തിരുമേനിക്കുണ്ടായിരുന്നില്ല. അതിനാൽ ചരിത്രനായകന്റെ തോളിൽ കയറിനിന്നുകൊണ്ടതിനെ വീഴിക്കുവാൻ തിരുമേനി (സ) തീച്ചയാക്കി. എന്നാൽ തിരുമേനി (സ) യെ തോളിൽ കയറിനിത്തി ആ ഭാരം സഹിക്കുവാൻ മാത്രം കെൽപ്പു് അലി (റ) ക്കില്ലെന്നു് തിരുമേനി (സ) ക്കു് മനസ്സിലായി. അങ്ങനെ അലി (റ) യെ തന്റെ ഭുജത്തിൽ കയറിനിത്തി ആ വിഗ്രഹത്തെ നിലംപതിപ്പിക്കുകയാണുണ്ടായതു്.

അന്ത്യഹജ്ജു്

ഹിജ്രിയുടെ ഒമ്പതാം വത്സരത്തിലാണു് തബൂക്കുയുദ്ധമുണ്ടായതു്. പ്രസ്തുത യുദ്ധത്തിൽ കുടുംബാംഗങ്ങളുടെ സംരക്ഷണക്കായി അലി (റ) യെ മദീനയിൽ താമസിപ്പിച്ചിട്ടു് തിരുമേനി (സ) തബൂക്കിലേക്കെഴുന്നള്ളുവാനാണുദ്ദേശിച്ചതു്. എന്നാൽ പ്രവാചകശിരോമണി (സ) യെ വിട്ടിട്ടു് മദീനയിൽ താമസിക്കുവാൻ അലി (റ) ക്കു് വിസമ്മതമാണുള്ളതെന്നു് കണ്ട തിരുമേനി കല്പിച്ചു. ''മൂസാനബി (അ) ക്കു് ഹാറൂൺ നബി (അ) യോടുള്ള ബന്ധത്തിനു് തുല്യമാണു് നമ്മുടെ ബന്ധം'' എന്നും ''ഹാറൂൺ നബി (അ) ക്കു് പ്രവചനാധികാരം ഇല്ലാതിരുന്നതുപോലെ അലി (റ) ക്കും പ്രവാചകസ്ഥാനമില്ലെ''ന്നും അതിനു് ശേഷം ഹിജ്രിയുടെ പത്താംസംവത്സരത്തിലാണു് ഹജ്ജത്തുൽ വിദാഅ് എന്ന പുണ്യകർമ്മം നിർവ്വഹിക്കപ്പെട്ടതു്. ആ കർമ്മത്തിൽ നബി (സ) തിരുമേനിയൊന്നിച്ചു് അലി (റ) യും ഉണ്ടായിരുന്നു.

ഖിലാഫത്തു്

നബിതിരുമേനി (സ) പരലോകംപൂകിയതിനു ശേഷം മുസ്ലീംകൾ സംഘടിക്കുകയും അവരുടെ ഭരണകർത്താവായി അബൂബക്കർ സിദ്ദീഖ്(റ)യെ തിരഞ്ഞെടുക്കുകയുംചെയ്തു. പ്രഥമ ഖലീഫയായ അദ്ദേഹം ഭരണപരമായകാര്യങ്ങളിൽ അലി(റ)യുടെഅഭിപ്രായംആരായുക പതിവായിരുന്നു. അബൂബക്കർ സിദ്ദീഖ്(റ)പറയാറുണ്ടാ

യിരുന്നു. ''എന്റെ ബന്ധുക്കളേക്കാൾ നബിതിരുമേനി (സ) യുടെ ബന്ധുക്കളെയാണു് ഞാനധികംസ്നേഹിക്കുന്നതു്''എന്നു്.

ഫാത്തിമ്മ (റ) യുടെ വിയോഗം

അബൂബക്കർ സിദ്ദീഖ് (റ) യുടെ ഭരണകാലത്തു്; അതായതു് നബി തിരുമേനി (സ) യുടെ വിയോഗ ശേഷം ആറുമാസം കഴിഞ്ഞു. ഹിജ്രിയുടെ പതിനൊന്നാംവത്സരം, റംസാൻ മാസം മൂന്നാംതീയ്യതി ബുധനാഴ്ച നബിതിരുമേനി (സ) യുടെ വാത്സല്യപുത്രിയും അലി (റ) യുടെ ഭാര്യയുമായ ഫാത്തിമ്മബീവി (റ) ഇഹലോകവാസം വെടിഞ്ഞു.

വെറും ഇരുപത്തിയേഴു മാസത്തെ ഖിലാഫത്തിനുശേഷം പ്രഥമ ഖലീഫ അബൂബക്കർ സിദ്ദീഖ് (റ) പരലോകപ്രാപ്തനാവുകയും (പതിമൂന്നു് ഹിജ്രി റബിഉസ്സാനി) രണ്ടാം ഖലീഫയായി അമീറുൽമുഅ്മിനീൻ ഉമർ (റ) തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. തന്റെ ഭരണകാര്യങ്ങളിൽ അലി(റ)യുടെ അഭിപ്രായം ആരായുകയും, അലി (റ) യെ കണക്കിലേറെ സ്നേഹിക്കയും ചെയ്തിരുന്നു.

ഉദ്ദേശം പത്തരസംവത്സരം ഭരണംനടത്തിയശേഷം; ഇരുപത്തിമൂന്നു് ഹിജ്രി മുഹറം ഒന്നാംതീയ്യതി രണ്ടാംഖലീഫ ഇഹലോകവാസംവെടിഞ്ഞു. മൂന്നാം ഖലീഫയായി ഉസ്മാൻഗനി(റ) തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹവും അലി (റ) യെ വളരെ സ്നേഹിച്ചിരുന്നു. മൂന്നാംഖലീഫയുടെ ശത്രുക്കൾ ഉസ്മാൻ (റ) യെ കൊലപ്പെടുത്തുന്നതിനു് അദ്ദേഹത്തിന്റെ വസതിവളഞ്ഞ അവസരത്തിൽ അലി(റ)അവിടെ കാവൽനില്ക്കുകയുണ്ടായി. അതിനും പുറമെ തന്റെ ഓമനസന്താനങ്ങളായ ഹസ്സനേയും, ഹുസൈനേയും പ്രസ്തുത ഭവനത്തിന്റെ ദ്വാരപാലകന്മാരായി നിയ്ക്കുകൂടി ചെയ്തിട്ടുണ്ടു്. എന്നാൽ ദൈവവിധി അതിനനുസരണമല്ലാതെപോയി. മുപ്പത്തിയഞ്ചു ഹിജ്രിയിൽ ദുൽഹജ്ജു് പതിനെട്ടാംതീയ്യതി എതിരാളികൾ മതിൽപൊളിച്ചകത്തുകടക്കുകയും ഖലീഫയെ കൊലപ്പെടുത്തുകയും ചെയ്തു.

അലി (റ) യുടെ ഖിലാഫത്തു്

ഉസ്മാൻ ഗനി (റ) യുടെ വിയോഗവും സംസ്കാരാദികളും കഴിഞ്ഞു് മൂന്നാംദിവസം ഇരുപത്തിരണ്ടു ദുൽഹജ്ജിനു് മസ്ജിദുനബവിയിൽ കൂടിയ മുസ്ലിംസമ്മേളനത്തിൽ വെച്ചു് അലിയ്യിബ്നിൽ അബീതാലിബു് (റ) യെ നാലാംഖലീഫയായി തെരഞ്ഞെടുത്തു. തന്റെ ഭരണം നാലേകാൽ സംവത്സരം മാത്രമാണു് നിലനിന്നതു്. മുസ്ലിംസമുദായത്തിന്റെ ഭാഗ്യദോഷമെന്നതന്നെ പറയാം; അലി(റ)യുടെ ഭരണകാലം വിപ്ലവസന്നദ്ധമായി തീരുകയാണുണ്ടായതു്. അസമാധാനങ്ങളോടു് മല്ലിട്ടുനിൽക്കുവാൻ നിർബ്ബന്ധിതനായ അലി (റ) ക്കു് തന്റെ സമുദായത്തെ വേണ്ടതു സേവിക്കുവാൻ കഴിയാതെ പോയി.

ഭയാപാരവശ്യം

ഭരണകർത്താവു് എന്ന അഭിസംബോധനക്കു് അർഹനായ ഒരു വ്യക്തിക്കാവശ്യം ആവശ്യമാണു്. അയാളുടെ ഭരണത്തിൻ കീഴിൽ അധിവസിക്കുന്ന ജനാവലിയുടെ സർവ്വവിധ ക്ഷേമങ്ങളിലും ദത്തശ്രദ്ധനായിരിക്കുക എന്നതു; അതുപോലെ ഭരണകൂടം നിശ്ചയിക്കുന്ന നിയമങ്ങളും പൊതുജനങ്ങൾക്കു് ആദരണീയമായിരിക്കയും വേണം. അലി (റ) യുടെ ഭരണകാലത്തു് ഔബത്തുൽമാലിൽനിന്നു് വളരെ ധനം സാധുക്കൾക്കു് ദാനം ചെയ്തിരുന്നു. ചിലവുകഴിച്ചു് ബാക്കിവരുന്ന സംഖ്യയാണങ്ങനെ ചെയ്തിരുന്നതു്. അലി[റ]യുടെ നീതിനിഷ്ഠയും, ദയാപാരവശ്യവും, ധാർമ്മികചിന്തയും കണ്ടു് ഇറാനികളും പറയാറുണ്ടായിരുന്നു. നമ്മുടെ ചരിത്രങ്ങൾ ഘോഷിക്കുന്ന നവഷേർവാനു് സമമാണീ അറബിയെന്നു്.

രാഷ്ട്രത്തിന്റെ അത്യുന്നതി ഭരണകർത്താക്കളുടെ സത്യസന്ധതയേയും കൃത്യനിഷ്ഠയേയും ആസ്പദമാക്കിയാണു് നിലകൊള്ളുന്നതു്. അങ്ങനെ ഓരോ ഉദ്യോഗത്തിനും പ്രാപ്തന്മാരായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽ അലി(റ)പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ഖിലാഫത്തിൽനിന്നു് നിയമിതരായി അയക്ക

പ്പെട്ടന്ന ഉദ്യോഗസ്ഥന്മാർ യഥാസ്ഥാനങ്ങളിൽ അയക്കുന്നതിനു മുമ്പു് അവരെ തന്റെഅരുകിൽ വിളിച്ചുവരുത്തുകയും അവർ അനുവർത്തിക്കേണ്ട കൃത്യങ്ങളെ സംബന്ധിച്ചു് പ്രത്യേകം ഉപദേശിക്കുകയും ചെയ്യാറുണ്ടായിരുന്നു. അങ്ങനെ ഒരു ഉദ്യോഗസ്ഥപ്രമുഖനായ കഅബ്ബിൻമാലിക്കിനു് ഖലീഫ എഴുതിയിരുന്ന ഒരു നിർദ്ദേശത്തിൽ ഇങ്ങനെ രേഖപ്പെട്ടത്തിയിരുന്നു. ''നിങ്ങൾ ഏതാനും ഉദ്യോഗസ്ഥന്മാരോടുകൂടി ഇറാഖിലെ ഓരോ ജില്ലകളിൽ സഞ്ചരിക്കുക. എത്തുന്ന സ്ഥലത്തെല്ലാം അതാതു സ്ഥലങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ ഭരണത്തെ സംബന്ധിച്ചു് ശ്രദ്ധമായി അന്വേഷിക്കണം. അവർ ഭരണീയരോടെങ്ങിനെ പെരുമാറുന്നു എന്നതിനെ സംബന്ധിച്ചു് വിശദമായി അറിയുകയും അറിയുന്ന വിവരങ്ങൾ ഒരു റിപ്പോർട്ടുമുഖേന ഖിലാഫത്തിൽ അറിയിക്കുകയും ചെയ്യണം.''

ഭരണരീതി

ഭരണപരമായ സംഗതികളെ ഉമർ(റ)യുടെ നടപടികളെ പിൻതുടരുകയാണു് അലി(റ)ചെയ്തിട്ടുള്ളതു്. രണ്ടാം ഖലീഫയുടെ കാലത്തു് നടപ്പിലാക്കീട്ടുണ്ടായിരുന്ന സംഗതികളെ മാറ്റിമറിക്കുവാൻ താനിഷ്ടപ്പെട്ടില്ല. ഉമർ (റ) യുടെ ഭരണകാലത്തു് ഒരുകൂട്ടം യഹൂദികളെ മദീനയിൽനിന്നു മാറ്റി താമസിപ്പിക്കുകയുണ്ടായി. അലി (റ) യുടെ ഭരണം തുടർന്നതിനുശേഷം അവർ പഴയ സ്ഥാനങ്ങളിൽ കുടിയേറിപാർക്കുവാൻ അനുവദിക്കണമെന്നു് കാണിച്ചുകൊണ്ടു് ഒരു അപേക്ഷ ഖിലാഫത്തിൽ സമർപ്പിക്കയുണ്ടായി. എന്നാൽ ഉമർ (റ) കൈക്കൊണ്ട ആ നയത്തെ അതിലംഘിച്ചുകൊണ്ടു് അവരുടെ അപേക്ഷയെ അനുവദിക്കുവാൻ തരമില്ലെന്നാണു് അലി (റ) പറഞ്ഞ മറുപടി.

മരാമത്തുകാര്യം

സാധാരണ സ്ഥലങ്ങളെ അപേക്ഷിച്ചു് ഇറാക്കിന്റെനില ആപൽജനകമായിരുന്നു. യുദ്ധം കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നു. അവിടെ സൈനികാക്രമണം കൂട്ടികാര്യങ്ങൾ അഭയം കിട്ടത്ത

ക്ക സ്ഥലങ്ങളൊന്നും അവിടെ ഇല്ലായിരുന്നു. അതിനാൽ അ വിടത്തെ ജനങ്ങളുടെ സമാധാന ജീവിതത്തെ പരിഗണിച്ചു കൊണ്ടു് ചില കോട്ടകളം പണിതീർത്തു് അലി (റ) യുടെ ഖിലാ ഫത്തു കാലത്തു്.

ഇസ്ലാമികപ്രസ്ഥാനത്തിന്റെ വിപുലീകരണത്തിനായി മുന്നണിയിൽനിന്നു പ്രവർത്തിക്കേണ്ട കടമ ഖലീഫക്കുണ്ടു്. പ്രസ്ഥ ത സംഗതിക്കായി ഉഴിഞ്ഞുവെച്ചിരിക്കയായിരുന്നു അലി (റ) തന്റെ ജീവിതം.

തന്റെ ഭരണദശയിൽ ഇറാൻ, അർമീനിയാ മുതലായ സ്ഥലങ്ങളിൽ അധിവസിച്ചിരുന്ന പുതുമുസ്ലിംകളിൽ ചിലർ ഇസ്ലാമിൽ നിന്നു് പിൻമാറുവാൻ തുടങ്ങുന്നതായി അലി (റ) ക്കറിവുകിട്ടി. എന്നാൽ അലി (റ) യുടെ സഹായഹസ്തം അവ രെ ഇസ്ലാമിൽതന്നെ അടിയുറച്ചുനിൽക്കുവാൻ പ്രേരകമായി ഭ വിച്ചു. ഖുർആൻ പഠിക്കുന്ന വിദ്യാർത്ഥികൾക്കു് നല്ല തുകകം സംഭാവനയായി നല്കിയിരുന്നതിനാൽ അവരുടെ വിദ്യാഭ്യാസം വിപുലമാവുകയും അവർ മതപണ്ഡിതന്മാരായി തീരുകയും ചെയ്തു.

ശഹാദത്തു്

അലി [റ] യുടെ ഖിലാഫത്തിനു് അഞ്ചു വയ സ്സു് തികയുന്നതിനു് മുമ്പാണാസംഭവമുണ്ടായ തു്. നാല്പതു ഹിജ്റി റംസാൻ മാസം ഇരുപ താംതിയ്യതി വെള്ളിയാഴ്ച കാലത്തു്, താൻ സുബഹി നമസ്കാര ത്തിലായിരുന്നു. നിർദ്ദയനും ക്രൂരദ്രോഹിയുമായ ഒരു ഖാരിജി അബ്ദുർറഹ്മാൻബിൻമുൽജം എന്നവൻ വിഷം മുക്കിയ കഠാ രികൊണ്ടു് നാലാം ഖലീഫയും ഇസ്ലാമിക പ്രവാചകരുടെ ജാമാതാവുമായ അലി[റ]യുടെ മേൽ മുറിവേല്പിക്കയാണു് ചെയ്ത തു്. ആ കഠാരിയിലെ വിഷം ദേഹത്തിൽ ബാധിച്ചു.

വസിയത്തു്

മരണത്തിനല്പംമുമ്പു് തന്റെപുത്രന്മാർക്കു് ഒസി യത്തു് നല്കുകയുണ്ടായി. പ്രിയ പുത്രന്മാരെ! നിങ്ങൾദൈവകല്പനകളെ അക്ഷരംപ്രതി അനു സരിക്കുന്നവരായിതീരണം. ലൌകികാസക്തിക്കു് അടിപ്പെടാ തെസൂക്ഷിക്കുകയാണു് നമുക്കാവശ്യം. ഏതുസമയത്തും സത്യത്തെ മുൻനിർത്തിയെ പ്രവർത്തിക്കാവൂ. അനാഥന്മാരേയും, വിധവക

ളേയും സാധുക്കളേയും സഹായിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കണം. അന്യമതസ്ഥരെ യാതൊരു വിധത്തിലും പീഡിപ്പിക്കുവാൻ നമ്മുടെ മതം അനുവദിക്കുന്നില്ല. പീഡിതരെ സഹായിക്കയും ദുഷ്ടന്മാരെ സംഹരിക്കുകയും ചെയ്യുകയാണു് മനുഷ്യധർമ്മം. ഇങ്ങനെ സുദീർഘമായ ഉസിയത്താണു് ചെയ്തതു്.

പ്രസ്തുത മരണവാചകം പറഞ്ഞു് തീർന്നിട്ടധികം താമസിയാതെ മുത്തക്കീങ്ങളുടെ ഇമാമും, രണവീരന്മാരുടെ നേതാവും മതപരിജ്ഞാനത്തിന്റെയും ഭരണനയത്തിന്റെയും ഭണ്ഡാരവും, തിരുമേനി (സ) യുടെ ഇളയച്ഛന്റെ മകനും ജാമാതാവുമായ അലി (റ) ഇഹലോകജീവിതത്തിനു് പൂർണ്ണവിരാമമേകി.

ഇമാംഹസൻ (റ) ഹുസൈൻ (റ) അബ്ദുല്ലാബിൻ ജഅഫർ (റ) എന്നിവർ മരണസ്നാനം നടത്തുകയും സീമന്തപുത്രൻ മരണനമസ്കാരത്തിൽ ഇമാമത്തു് നില്ക്കുകയും ചെയ്തു. കൂഫയിലെ ജുമുഅമസ്ജിദിനു സമീപമുള്ള റാഹിബ് സ്വശാനത്തിൽ തന്റെ മൃതദേഹം മറവുചെയ്യപ്പെട്ടു.

സ്വഭാവവും നടപടികളും

അലി (റ) യുടെ സ്വാഭാവഗുണങ്ങളിൽ പ്രഥമസ്ഥാനം തഖ്വാക്കാണു്. അല്ലാഹുവിനെ ഭയപ്പെടുകയും അവന്റെ കല്പനകളിൽ നിഷ്ഠയുള്ളവനായിരിക്കുകയും അദ്ദേഹത്തിന്റെ ജീവിതോദ്ദേശമായിരുന്നു. തന്റെ ജീവിതദശയിൽ ഭൂരിഭാഗവും ദൈവാരാധനയിൽ കഴിച്ചുകൂട്ടി.

അമിർമുആവിയ കഥാനായകന്റെ ഒരു സ്നേഹിതനായ ളിറാറിനോടു് ആവശ്യപ്പെടുകയുണ്ടായി. അലി (റ) യുടെ സ്വഭാവഗുണങ്ങളെ അല്പമൊന്നു് വിവരിക്കണമെന്നു്. ആദ്യമായി താനതിനു് വിസമ്മതം പ്രകടിപ്പിക്കയാണുണ്ടായതെങ്കിലും മുആവിയായുടെ നിർബ്ബന്ധം അധികരിക്കുന്നതുകണ്ടു് ളിറാർ അല്പമൊന്നു വിവരിക്കാമെന്നു് സമ്മതിച്ചു. എന്നിട്ടദ്ദേഹം തുടർന്നു. "ദൈവം സാക്ഷിയായി ഞാൻ പറയുന്നു അലി [റ] അനിതരസഹജമായ കായബലമുള്ള ഒരു വ്യക്തിയായിരുന്നു. അദ്ദേഹം സംസാരിക്കുന്ന വിഷയം എത്രതന്നെയായാലും, ശ്രോതാ

ക്കാംക്കൽപ്പംപോലും സംശയം ബാക്കിയാവാത്തവിധം പൂർത്തിയായും സഹൃദ്യമായും സംസാരിച്ചിരുന്നു. നീതിനടത്തുന്നതിൽ അല്പംപോലും ഏറ്റക്കുറവുകാണിക്കാൻ കൊടുത്തിരുന്നില്ല. ജ്ഞാനം തന്റെ അലങ്കാരവും ഭരണനൈപുണ്യം തനിക്ക് സ്വായത്തവുമായിരുന്നു. ലോകസുഖങ്ങളിൽ താൻ അതീവവിരക്തനായിരുന്നു. നിശാകാലങ്ങളിൽ ഏകാകിയായി കഴിഞ്ഞുകൂടുകയായിരുന്നു അലി [റ] ക്കിഷ്ടം. കൂടുതൽ സമയവും ചിന്താകുലനായി കാണപ്പെട്ടിരുന്നു. താണതരം പരുക്കൻ വസ്ത്രങ്ങളാണ് ധരിക്കാൻ പതിവ്. ആഹാരരീതി സാധുക്കളെപ്പോലെയായിരുന്നു. ഞങ്ങളോടുകൂടി ഉണ്ടായിരിക്കുമ്പോഴാം ഞങ്ങളിൽ ഏറ്റവും എളിയ ഒരാളെപ്പോലെ തോന്നിച്ചിരുന്നു. ചിലഅവസരങ്ങളിൽ ഞങ്ങളിൽ ചിലർ പലവിധ സംശയങ്ങളും കൊണ്ടദ്ദേഹത്തെ സമീപിക്കാറുണ്ടായിരുന്നു. പ്രസ്തുത ചോദ്യങ്ങളാം ശ്രദ്ധിച്ചുകേൾക്കുകയും വിശദമായ മറുപടി പറയുകയും ചെയ്യാറുണ്ടായിരുന്നു. ചില അവസരങ്ങളിൽ ഞങ്ങളാം അദ്ദേഹത്തോടുകൂടി എങ്ങോട്ടെങ്കിലും പോകാറുണ്ടായിരുന്നു. അങ്ങനെ പുറപ്പെടുന്നതിനു മുമ്പ് ഞങ്ങളാം വീട്ടുവരെ പോയിവരാമെന്നും ഞങ്ങളാംമടങ്ങിവന്നിട്ട് ഒന്നിച്ചുപോകാമെന്നും ഞങ്ങളാം പറയാറുണ്ടായിരുന്നു. അങ്ങനെ വരുന്ന സമയങ്ങളിൽ ഞങ്ങളാം എത്തിച്ചേരുന്നതുവരെ കാത്തിരിക്കുകയും ചെയ്തിരുന്നു. ഞങ്ങളോടദ്ദേഹത്തിനു പ്രത്യേക മമതയുണ്ടായിരുന്നു എങ്കിലും പെരുമാറ്റത്തിൽ പ്രത്യേകതയൊന്നും കാണിക്കാറില്ലായിരുന്നു. പുതുമുസ്ലീംകളേയും, സാധുക്കളേയും ഉള്ളുഴിഞ്ഞു സ്നേഹിക്കയും സഹായിക്കയും ചെയ്തിരുന്നു. ബലവാന്മാരിൽ അഗ്രഗണ്യനായ ഒരാൾക്കുപോലും അന്യായമായ വിധത്തിൽ യാതൊരു ആഗ്രഹവും തന്നിൽനിന്നു സാധിച്ചിരുന്നില്ല. ന്യായം നടത്തുന്നതിൽ മുൻപന്തിയിലായിരുന്ന അലി [റ] യുടെ തീരുമാനം അന്യനെ പീഡിപ്പിക്കുവാൻ പര്യാപ്തമായിരുന്നില്ല.

അർദ്ധരാത്രിക്കു ശേഷം താടിക്കു കൈതാങ്ങികൊണ്ടിരിക്കുന്ന അലി [റ] യെ ഞാൻ പലതവണ കണ്ടിട്ടുണ്ട്. അങ്ങനെ ഇരിക്കുന്നതിനിടയിൽ പൊട്ടിക്കരയാറുണ്ടായിരുന്നു. "ലോകമെ!

നീ എന്നെ ചതിക്കരുതേ! എന്നെ കബളിപ്പിക്കുവാനായി എ ന്റെ മുമ്പിലേക്കെന്തിനാണു നീവരുന്നതു്? ഭൌതികസുഖങ്ങളെ പരിത്യജിച്ചിരിക്കയാണു് ഞാൻ! ഇനി ഞാനതിനെ വരിക്കുന്ന തേയല്ല. അല്ലയോ ദേഹമേ! നിന്റെ ഈ ജീവിതം വളരെ ചെറുതാണു്. ചെറിയതും ഇടുങ്ങിയതുമായ ജീവിതസുഖത്തി നുവേണ്ടി ലൌകീകസുഖത്തിന്റെ പിന്നാലെ ഓടുന്നതു് അത്ഥ ശൂന്യമാണു്. സുദീർഘമായ പരലോകസുഖം കരഗതമാകണമെ ങ്കിൽ അതിനുവേണ്ടി ഐഹീകസുഖത്തിൽ അദ്ധ്വാനിക്കണം.'' എന്നിങ്ങനെ ളിറാർ വിശദീകരിച്ചുകൊണ്ടിരിക്കവേ അമീർമ ആവിയ വിക്കിവിക്കി കരഞ്ഞുതുടങ്ങി.

കഥാനായകൻ ഖലീഫയായിരുന്ന കാലത്തൊർക്കൽ ക്ല ഫയിൽ വരികയുണ്ടായി. വലിയവലിയ കൊട്ടാരങ്ങൾ അവി ടെ ഉണ്ടായിരുന്നു. ഖിലാഫത്തു് ആപ്പീസുകളായിരുന്നു അവ യിൽ ചിലതു്. അതിലൊന്നും താമസിക്കുവാൻ അലി (റ)ഇഷ്ട പ്പെട്ടില്ല. വെറും ഒരു മൈതാനത്തിലാണദ്ദേഹം വിശ്രമിച്ചതു്. ഉമർ (റ) ഇവിടെ വന്നിരുന്ന അവസരത്തിൽ ഈ കൊട്ടാരങ്ങ ളിൽ താമസിക്കാതെ മൈതാനത്തിൽകഴിച്ചുകൂട്ടിയ സ്ഥിതിക്കു് ഞാനും അതിനെ അനുകരിക്കുവാനാണുദ്ദേശിക്കുന്നതെന്നു് പറ യുകകൂടി ചെയ്തു.

പ്രവാചകരോടുള്ള സ്നേഹം.

നബിതിരുമേനി(സ)യോടു് വലി യ സ്നേഹമായിരുന്ന അലി[റ]ക്കു് നബിതിരുമേനി [സ] പങ്കെടുത്തി ട്ടുള്ള യുദ്ധങ്ങളിൽ താനുംഉണ്ടാവാ റുണ്ടായിരുന്നു. സമരങ്ങളിൽ ജീവനെപോലും തൃണവൽഗണി ച്ചു് നബിതിരുമേനി [സ] യെ കാത്തുനില്ക്കാറുണ്ടായിരുന്നു. അതുപോലെ ഒരു സംഗതിയാണു് നബിതിരുമേനി (സ) മദീന യിലേക്കെഴുന്നള്ളുന്ന ദിവസം അദ്ദേഹത്തിന്റെ വിരിപ്പിൽ താൻ ഒറക്കു് ശയിച്ചിരുന്ന കഥ.

നബി (സ) തിരുമേനിക്കു് അലി (റ) യെ വലിയ കാര്യ മായിരുന്നു ഒരിക്കൽ ആയിഷ (റ) യോടൊരുദ്ദേശം ചോദിച്ചു.

''നബിതിരുമേനി (സ) അധികം സ്നേഹിക്കുന്നതാരെയാണെ'' ന്നു; ''സ്ത്രീകളിൽ ഫാത്തിമ്മ (റ) യേയും പുരുഷന്മാരിൽ അവരുടെ ഭർത്താവായ അലി (റ) യേയുമാണെ''ന്നായിരുന്നു ആയിഷ (റ) പറഞ്ഞ സമാധാനം.

അലി (റ) യുടെ പ്രവർത്തികളെല്ലാം തിരുമേനി (സ) യുടെ കല്പനകളേയും കർമ്മങ്ങളേയും അനുസരിച്ചുമാത്രമായിരുന്നു.

നബി (സ) തിരുമേനി ഒരവസരത്തിൽ ഫാത്തിമ്മ(റ)യേയും അലി (റ) യേയും അരുകിൽ വിളിച്ചിങ്ങനെ പറയുകയുണ്ടായി. എല്ലാ നമസ്കാരത്തിനും, ശേഷം സുബഹാനള്ള അൽഹംദുല്ലില്ലാ, അല്ലാഹു അക്ബർ എന്നീ തസ്ബീഹുകളും പത്തുപ്രാവശ്യം വീതം ജപിക്കണം. പിന്നെ ഉറങ്ങുവാൻ പോകുമ്പോൾ പ്രസ്തുത തസ്ബിഹുകളും മുപ്പത്തിമൂന്നാവർത്തി വീതം ചൊല്ലിയിട്ടുവേണം ഉറങ്ങുവാൻ.'' ആ കല്പന കേട്ടതിനു് ശേഷം ഒരിക്കൽപോലും അതിനു് മുടക്കം വരുത്തിയിട്ടില്ലെന്നു് അലി (റ) പ്രസ്താവിച്ചിരിക്കുന്നു. ഒരു കാരണവശാലും ഒരിക്കലെങ്കിലും അതു് മുടങ്ങീട്ടില്ലയോ? എന്നു് ഒരാൾ ചോദിച്ചതിനു അങ്ങിനെ ഉണ്ടായിട്ടില്ലെന്നു് തീർത്തുപറയുകയുണ്ടായി! എന്നു് ചരിത്രം ഘോഷിക്കുന്നു.

വെറും സാധാരണക്കാരെപോലെയാണു് താൻ ജീവിച്ചിരുന്നതു്. ആഡംബരപ്രിയമോ, ഡംഭോ തനിക്കുണ്ടായിരുന്നില്ല. ഒരവസരത്തിൽ നബിതിരുമേനി (സ) ചരിത്രനായകനെ അന്വേഷിച്ചു് മസ്ജിദിൽ വരികയുണ്ടായി. തദവസരത്തിൽ വെറും തറയിൽ ശയിച്ചുറങ്ങുന്നതായിട്ടാണു് പ്രവാചകർ (സ) ക്കു് കാണുവാനിടയായതു്. ആ കാഴ്ച തിരുമേനി (സ) യെ സന്തുഷ്ടനാക്കി അദ്ദേഹം കല്പിച്ചു: ''കുംയാഅബൂതുറാബു്'' മണ്ണിന്റെ പിതാവെ എഴുന്നേല്ലു്. അന്നുമുതലാണു് തനിക്കു് അബൂതുറാബു് എന്നു് പേരുകിട്ടിയതു്.

വിശ്വസ്ഥത വിശ്വാസദാർഢ്യത്തിന്റെ ഒരു ഭാഗമാണെന്നു് നബിതിരുമേനി (സ) പ്രവചിച്ചിട്ടുണ്ടു്. അലി (റ) യുടെ ആദർശം അതുതന്നെയായിരുന്നു. ഉമ്മുകുൽസും (റ) വിവരിച്ചിരിക്കുന്നു:—''ഒരു ദിവസം എതാനും മധുരനാരങ്ങാ ഞങ്ങളുടെ വീട്ടിൽ കൊണ്ടുവരികയുണ്ടായി. അതു കണ്ട ഹസ്സൻ (റ) യും,

ഹുസൈൻ (റ) യും അതിൽ നിന്നോരോന്നെടുക്കുകയുണ്ടായി. അല്പസമയത്തിനുശേഷം അലി (റ)വന്നുചേരുകയും, കുട്ടികളുടെ കയ്യിൽനിന്നാ നാരങ്ങ ബലമായിപിടിച്ചുവാങ്ങി ആകൂട്ടത്തിൽ തന്നെ നിക്ഷേപിക്കുകയുമുണ്ടായി.

അലി (റ) യുടെ മരണകാലത്ത് ബൈത്തുൽമാലിലുള്ള ധനം മുസ്ലിംകളിൽ വീതിച്ചുകൊടുക്കുകയും, അതു സൂക്ഷിച്ചിരുന്ന മുറി താൻതന്നെ അടിച്ചുവാരുകയുമുണ്ടായി. അതിനുശേഷം ആ മുറിയിൽ തന്നെ രണ്ടുറക്കത്ത് നമസ്കരിക്കുകയും ചെയ്ത ശേഷം എന്റെ ഈ കർമ്മങ്ങൾ വിശ്വസ്തർക്ക് ലക്ഷ്യമായിരിക്കണമെന്ന് പ്രാർത്ഥിക്കയുണ്ടായത്രെ.

പിന്നീടൊരവസരത്തിൽ ഇസ്ഫഹാനിൽ നിന്ന് കുറെ സാധനങ്ങൾ കൊണ്ടുവരികയുണ്ടായി. അതിൽ ഒരു പത്തിരിയും കൂടി ഉണ്ടായിരുന്നു. മറ്റുസാധനങ്ങൾ മുസ്ലിംകൾക്ക് വീതിച്ചുകൊടുക്കുന്ന കൂട്ടത്തിൽ ആ പത്തിരിയും ഭാഗിച്ചുകൊടുക്കുകയുണ്ടായി.

ധീരത

യുദ്ധസാമർത്ഥ്യം, ധൈര്യം, ശൂരതമുതലായവ അലി(റ)യിൽ ജന്മസിദ്ധമായി ഉണ്ടായിരുന്ന ഗുണങ്ങളാണ്. അറേബ്യയിൽ പ്രഖ്യാതിനേടിയ ഫയൻമാന്മാർപോലും അലി(റ)യെ ഉരുക്കുമനുഷ്യൻ എന്നാണ് അഭിസംബോധന ചെയ്തിരുന്നതു്. തന്റെ രണപാടവത്തെ അഭിനന്ദിച്ചുകൊണ്ട് മുസ്ലിയുൽഅഷ്ജഈൻ, ദൈവീകസിംഹം മുതലായ സ്ഥാനപ്പേരുകളും നല്കപ്പെട്ടു.

ഉഹദുയുദ്ധത്തിൽ ഒരു സംഭവമുണ്ടായി. അമുസ്ലിംഭടന്മാരുടെ തലവനായ തൽഹ രണാങ്കണത്തിലിറങ്ങിനിന്നുകൊണ്ട് ഒരു പോർവിളി നടത്തി. "എന്നെ കൊലപ്പെടുത്തി ജഹന്നത്തിലേക്കയക്കുവാനോ, എന്റെ ഖഡ്ഗത്തിനിരയായി സ്വർഗ്ഗപ്രാപ്തനാകുവാനോ ധൈര്യപ്പെടുന്ന ഏതെങ്കിലും വ്യക്തി മുസ്ലിംകളിലുണ്ടെങ്കിൽ ഇറങ്ങിവരട്ടെ." പ്രസ്തുത പോർവിളികേട്ട് അലി (റ) മൈതാനത്തിൽ ഇറങ്ങി നടന്നുകൊണ്ടരുളി. "ദൈവനാമത്തിൽ നിന്നോടു പൊരുതുവാൻവേണ്ടി ഞാൻ സന്നദ്ധനാണ്". അലി (റ) യുടെ സാന്നിദ്ധ്യത്തെ തുടർന്ന് ഒരു രണം ന

ടന്നു. അലി (റ) യുടെ പ്രഥമ വാഗ്ദത്തന്നെ ഡംഭനായ തബ്ൽ ഹായെ നിലംപതിപ്പിച്ചു. ഖൈബർ സമരത്തിൽ സുപ്രസിദ്ധ ഫയൽമാൻ മുറഹീബ് മൈതാനത്തിലിറങ്ങി അവന്റെ വെല്ലുവിളിയെ തുടർന്ന് ചരിത്രനായകൻതന്നെ രണാങ്കണത്തിലിറങ്ങി അവനെ നിലംപതിപ്പിക്കുവാൻ അനായാസേന അദ്ദേഹത്തിനു് കഴിഞ്ഞു.

ധീരപരാക്രമങ്ങളിൽ അഗ്രിമസ്ഥാനം വഹിച്ചിരുന്ന അലി (റ) യുടെ ക്ഷമാശീലവും ദീനദയയും അനിതരസഹജമായിരുന്നു. തന്റെ ഘാതകനായ അബ്ദുറഹ്മാൻബിൻമുൻജം ബന്ധനസ്ഥനാക്കപ്പെട്ടു് തന്റെ മുമ്പിൽ കൊണ്ടുവരികയുണ്ടായി. അവനെ കണ്ടുടനെ അലി (റ) പറഞ്ഞതിപ്രകാരമായിരുന്നു. ''ഇവനു് ഹിതമായ ആഹാരസാധനങ്ങളും; നല്ലവിരിപ്പും കൊടുക്കണ''മെന്നായിരുന്നു. അതിനുശേഷം അലി (റ) തുടർന്നു. ഈ രോഗത്തിൽനിന്നു് ഞാൻ രക്ഷപ്പെടുകയോ, അല്ല മരിക്കുകയോ ചെയ്യും. മരണസമയംവരെ ഇവനോടു് പകപോക്കുവാനോ, ഇവനെ വിട്ടയക്കുവാനോ ഉള്ള അധികാരം എനിക്കുതന്നെയാണു്. അഥവാ അതിനൊന്നും ഇടയാവാതെ ഞാൻ മരിച്ചുവെങ്കിൽ പിന്നെ ഞങ്ങളുടെ കാര്യത്തിൽ ദൈവവിധിക്കാണിനി പ്രാഥമ്യം നല്കേണ്ടതു്.

അലി (റ) യുടെ ജീവിതദശയിൽ ഭരിദ്രാഗവും അരപ്പട്ടിണിയും നിരാഹാരവ്രതവുമായിട്ടാണു് കഴിഞ്ഞുകൂടിയതു്. ദാരിദ്രത്തിന്റെ നിഷ്ഠുരഹസ്യങ്ങളിൽ കിടന്നു് നട്ടംതിരിയുകയായിരുന്നെങ്കിലും അതിനെ സംബന്ധിച്ചു് ലേശംപോലും കുണ്ഠിതപ്പെട്ടിരുന്നില്ല. അതിനെ ക്ഷമിക്കുകയും തുടർന്നുകൊണ്ടു് അല്ലാഹുവിനെ പുകഴ്ത്തുന്നതിലുമാണു് ആ അവസരങ്ങളൊക്കെ വിനിയോഗിച്ചതു്.

ഒരവസരത്തിൽ അബ്ദുല്ലാബിൻജറീർ ചരിത്രനായകനുമൊന്നിച്ചു് ഭക്ഷണംകഴിച്ചുകൊണ്ടിരിക്കയായിരുന്നു. സാധാരണകറികളല്ലാതെ മറെറാന്നും ഉണ്ടായിരുന്നില്ല. അതുകണ്ടു് അതിഥി

ചോദിച്ചു. ''പക്ഷിമാംസം കഴിക്കുന്നതിൽ അങ്ങേക്കു് പ്രതിപത്തിയില്ലയോ?'' അതുകേട്ടു് ഖലീഫ ഇപ്രകാരം പറഞ്ഞു. പ്രിയപ്പെട്ട ഇബ്നുജറീരേ! പൊതുമുതലിൽനിന്നു് ഏറ്റവും തുച്ഛമായ ഭാഗം മാത്രമാണു് ഖലീഫക്കുള്ളതു്. അതിൽ പകുതികൊണ്ടു് ഞാനും കുടുംബവും ഉപജീവിക്കയും ബാക്കി ഭാഗം ദൈവമാർഗ്ഗത്തിൽ ചിലവഴിക്കയുമാണു് ഞാൻ ചെയ്യുന്നതു്.

ധർമ്മം തന്റെ പക്കൽ ഉള്ളസാധനം എത്രതന്നെയായാലും ആരെങ്കിലും ചോദിച്ചാൽ അതു് അവർക്കു്കൊടുക്കുന്നതിൽ ലേശംപോലും മടികാണിച്ചിരുന്നില്ല, അലി(റ). ഒരവസരത്തിൽ ഒരു സംഭവമുണ്ടായി. ഒരു രാത്രി മുഴുവനും അന്യന്റെ തോട്ടത്തിൽ അദ്ധ്വാനിച്ചതിന്റെ കൂലിയായി കുറെ ഗോതമ്പു് കൂലികിട്ടുകയുണ്ടായി. പ്രഭാതത്തിലാണു് അതു കൊണ്ടു് വീട്ടിലെത്തിയതു്. അതു പൊടിച്ചു് പാകംചെയ്യുകൊണ്ടിരിക്കവേ ഒരു മിസ്കീൻ വന്നുചേർന്നു. അയാളം അലി (റ) യുടെ വീട്ടിനുമുമ്പിൽ നിന്നുകൊണ്ടു് വിളിച്ചുപറഞ്ഞു:— ''എനിക്കു് വല്ലാതെ വിശക്കുന്നുണ്ടു് വിശപ്പടക്കുവാൻ എന്തെങ്കിലും തരണ'' മെന്നു്. പാകപ്പെടുത്തിയിരുന്നതു് മുഴുവൻ കഴിച്ചിട്ടാണയാളം പോയതു്. ഒന്നുംതന്നെ ശേഷിപ്പില്ലാതിരുന്നതുകൊണ്ടു് ബാക്കിയുള്ള ഗോതമ്പും പൊടിച്ചു പാകംചെയ്യുവാൻ തീച്ചയാക്കി. അപ്പോഴേക്കും ഒരനാഥബാലൻ വന്നുചേർന്നു. അല്ലാഹുവിന്റെ നാമത്തിൽ എന്തെങ്കിലും കിട്ടണമെന്നു് ആവശ്യപ്പെട്ടുകൊണ്ടാണാബാലൻ വന്നതു്. പൊടിച്ചുതീർന്നതു അവനുകൊടുത്തിട്ടു് ശേഷിപ്പുണ്ടായിരുന്ന ധാന്യം പൊടിയാക്കിതുടങ്ങി. അതു പാകം ചെയ്തു കഴിഞ്ഞതോടെ തടവിൽനിന്നു മോചനം കിട്ടിയ ഒരുത്തൻ വന്നുചേർന്നു. പാകംചെയ്തതിനെ അയാളംക്കു് കൊടുത്തിട്ടു് താനും വീട്ടുകാരും പട്ടിണികിടന്നു.

വിദ്യാഭ്യാസം ചരിത്രനായകന്റെ വിദ്യാഭ്യാസാദികളം നബിതിരുമേനി (സ) യുടെ മേൽനോട്ടത്തിൽത്തന്നെയാണു് നടന്നതു്. അതി

നാൽ നബി (സ) യുടെ ആദ്ധ്യാത്മം അലി (റ) യിൽനിന്നു് പ്രത്യക്ഷമായി. നബിതിരുമേനി (സ) വിജ്ഞാന നഗരവും അലി (റ)അതിന്റെ കവാടവുമാണെന്നും, ജ്ഞാനസമ്പാദനത്തിൽ ആസക്തിയുള്ളവർ ആ കവാടം കടന്നുകൊള്ളട്ടെ എന്നാണു് വിശ്വാസവാകും. നബിതിരുമേനി (സ) ക്കു് കിട്ടിക്കൊണ്ടിരുന്ന ദൈവസന്ദേശങ്ങളും അതാതുസമയത്തു് രേഖപ്പെടുത്തിവെക്കുവാൻ നിശ്ചയിച്ചിരുന്ന അസ്സഹാബികളിൽ അലി (റ) യും പെട്ടിരുന്നു. ഖുർആൻ വാക്യങ്ങളെല്ലാം അലി (റ) ക്കു മനഃപാഠമായിരുന്നു. ഖുർആനിലെ ഓരോ വാക്യവും എവിടെ വെച്ചു്, എന്തുകാരണത്താലിറങ്ങിയെന്നു് അലി (റ) ക്കറിയാമായിരുന്നു. മുപ്പതുസംവത്സരം താൻ നബിതിരുമേനി (സ) യുടെ ശുശ്രൂഷകനായി കഴിഞ്ഞിട്ടുണ്ടു്. നബിതിരുമേനി (സ) യോടുകൂടി ജീവിക്കുകയും സഞ്ചരിക്കുകയും ചെയ്തതിന്റെ ഫലമായി ഒട്ടനവധിഹദീസുകളും ശ്രവിക്കുവാൻ തനിക്കുകഴിഞ്ഞു. അങ്ങിനെയുള്ള ഹദീസുകളിൽ അഞ്ഞൂറിഎൺപത്തി ആറെണ്ണം അന്യന്മാരോടു് പറയുകയുണ്ടായിട്ടുണ്ടു്. മതനിയമത്തിൽ അപാരമായ പാണ്ഡിത്യം തനിക്കുണ്ടായിരുന്നു. ഫിഖ്ഹ്പരമായ സംശയം തീർക്കുന്നതിനു് സഹാബാക്കളിൽ പലരും തന്നെ സമീപിക്കാറായിരുന്നു പതിവു്.

പരാതികളുടെ ന്യായമായ തീർപ്പുണ്ടാക്കുന്നതിലും, കലാപങ്ങളെ തടഞ്ഞു സമാധാനം പുനഃസ്ഥാപിക്കുന്നതിലും തനിക്കുണ്ടായിരുന്ന പാഠവം അനന്യസഹജമാണു്. ന്യായതൽപ്പരൻ എന്നു ഒരു സ്ഥാനപ്പേരുണ്ടായിരുന്നു അലി (റ) ക്കു്. ''ന്യായാനുസരണം വിധികല്പിക്കുന്നതിൽ അലി (റ) യും, ഖാരികളിൽ ഉബയ്യുബിൽ കഅബു് (റ) യും അഗ്രിമസ്ഥാനം വഹിക്കുന്നു.'' എന്നു് ഉമർ (റ) വിവരിച്ചിട്ടുണ്ടു്. ''ന്യായാന്യായ വിവേചനത്തിൽ അലി (റ) യോടു് കിടനില്ക്കുത്തക്ക ആരുംതന്നെ ഉണ്ടായിരുന്നില്ല.'' എന്നു് അബ്ദുല്ലാബ്നു് മസ്ഊദു് (റ) പ്രസ്താവിച്ചിരിക്കുന്നു. അലി (റ) യുടെ വിധികളിൽ പലതും ചരിത്രഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ടു്. അവയിൽനിന്നൊന്നിനെ മാത്രം ഇവിടെ രേഖപ്പെടുത്തുന്നു.

"രണ്ടുപേർ ഒരു സ്ഥലത്തേക്കു സഞ്ചരിക്കയായിരുന്നു. ആ ഹാരസാധനങ്ങളുമായി അവരിൽ ഒരാൾ അഞ്ചു റൊട്ടി കൊണ്ടു വന്നിരുന്നു. മറെറയാൾ മൂന്നും അവർ രണ്ടുപേരും കൂടി ഒരു സ്ഥലത്തിരുന്നു ആഹാരം കഴിക്കുവാൻ തുടങ്ങുമ്പോഴേക്കു മൂന്നാമനൊരു പാന്ഥൻ കൂടി വന്നുചേർന്നു. അവർ മൂന്നുപേരുംകൂടി ആഹാരംകഴിച്ചുതുടങ്ങി. എല്ലാവരും ആഹാരം കഴിച്ചുതീർന്ന ശേഷം മൂന്നാമൻ കഴിച്ച റൊട്ടിയുടെ വിലയായി എട്ടുദിർഹം ഒന്നാമനെ ഏല്പിച്ചിട്ടുപോയി അയാളം അതുവാങ്ങി തന്റെ കൈവശമുണ്ടായിരുന്ന അഞ്ചു റൊട്ടിയുടെ വിലയായി, അഞ്ചു ദിർഹം 'എടുത്തുകൊണ്ടു' മൂന്നു റൊട്ടി കൊണ്ടുവന്നിരുന്ന രണ്ടാമനു് മൂന്നു ദിർഹം കൊടുക്കുവാൻ ഭാവിച്ചു എന്നാൽ രണ്ടാമൻ അതു വാങ്ങുവാൻ കൂട്ടാക്കാതെ അയാളം തന്ന സംഖ്യയുടെ പകുതി തനിക്കവകാശപ്പെട്ടതാണെന്നും അതുകൊണ്ടു് ഒരു ദിർഹം കൂടി കിട്ടണമെന്നും വാദിച്ചുതുടങ്ങി.

അങ്ങനെ അവരുടെ വാദം കലഹത്തിനിടയാക്കുകയും, തീപ്പിനായി അവർ അലി (റ) യെ സമീപിക്കുകയുംചെയ്തു. അവരുടെ വാദങ്ങളെല്ലാം കേട്ട തീർന്നശേഷം അലി (റ) ചോദിച്ചു. രണ്ടാമനോടു് "നിങ്ങളുടെ കൈവശം ഉണ്ടായിരുന്ന റൊട്ടികളം എത്രയാണു്?"

രണ്ടാമൻ:— മൂന്നു്.

അലി:— മറെറാളുടെ പക്കൽ?

രണ്ടാമൻ:— അഞ്ചു്.

അലി:— നിങ്ങളം ഭക്ഷിച്ചു കഴിഞ്ഞശേഷം വല്ലതും ബാക്കിയുണ്ടായിരുന്നോ?

രണ്ടാമൻ:— ഇല്ല.

അലി:— എല്ലാവരും സമമായിട്ടല്ലെ കഴിച്ചതു്?

രണ്ടാമൻ:— "അതെ!"

അലി:— ആകെ എത്ര ദിർഹമാണു് മൂന്നാമൻ തന്നതു്?

രണ്ടാമൻ:— എട്ടുദിർഹം.

അലി:— ഒന്നാമൻ എത്ര ദിർഹം എടുത്തു? നിങ്ങളംക്കെത്ര ദിർഹം തന്നു?

രണ്ടാമൻ:— അഞ്ചു് ദിഹ്രം ഒന്നാമൻ എടുത്തുകൊണ്ടു് മൂന്നു ദിഹ്രം എനിക്കു തരുവാൻ ഭാവിച്ചു.

അലി:— മൂന്നു ദിഹ്രം നിനക്കു ലാഭമാണല്ലോ. അതു വാങ്ങാതെ പരാതിയും കൊണ്ടു വരുവാൻ കാരണം?

രണ്ടാമൻ:— ഞങ്ങൾ രണ്ടുപേരും സമാവകാശികളായതുകൊണ്ടു് നാലുദിഹ്രം എനിക്കുകിട്ടണമെന്നാണെന്റെ വാദം.

അലി:— ഞാൻ ചെയ്യുന്ന തീർപ്പു് നിങ്ങൾക്കു് സമ്മതമാണോ?

രണ്ടാമൻ:— പൂർത്തിയായ സമ്മതവും വിശ്വാസവുമുണ്ടു്.

അലി:— ന്യായമായ തീർപ്പാണു് നിങ്ങളാഗ്രഹിക്കുന്നതെങ്കിൽ ഒരു ദിഹ്രം മാത്രമേ നിങ്ങൾക്കവകാശമുള്ളൂ. ബാക്കി ഏഴു ദിഹ്രം ഒന്നാമനു് അവകാശപ്പെട്ടതാണു്.

രണ്ടാമൻ:— അതെങ്ങനെ? എനിക്കതു് മനസ്സിലാവുന്നില്ലല്ലോ?

അലി:— നിന്റെ കൈവശമുണ്ടായിരുന്ന റൊട്ടികളെ മൂന്നുകഷ്ണങ്ങളായി ഭാഗിച്ചു എന്നു് വിചാരിക്കുക. എത്രകഷ്ണങ്ങളുണ്ടായിരിക്കും മൂന്നു റൊട്ടിക്കു്?

രണ്ടാമൻ:— ഒമ്പതുകഷ്ണം.

അലി:— അവ അവിടെയിരിക്കട്ടെ. ഇനി കൂട്ടുകാരന്റെ കൈവശമുണ്ടായിരുന്ന അഞ്ചു റൊട്ടിക്കുംകൂടി എത്ര കഷ്ണങ്ങളുണ്ടായിരിക്കും?

രണ്ടാമൻ:— അയ്മൂന്നു്, പതിനഞ്ചു്.

അലി:— രണ്ടിനേയും ഒന്നിച്ചുചേർത്തെണ്ണിനോക്കിയാൽ എത്ര കഷ്ണങ്ങളാവും?

രണ്ടാമൻ:— ഇരുപത്തിനാലു്.

അലി:— നിങ്ങൾ മൂന്നുപേരും സമമായി റൊട്ടി തിന്നതുകൊണ്ടു് ആ കഷ്ണങ്ങളും മൂന്നു ഭാഗമായി വീതിക്കുക. അങ്ങനെയാണെങ്കിൽ നീ എത്രകഷ്ണം തിന്നുകാണും?

രണ്ടാമൻ:— എട്ടുകഷ്ണം.

അലി:— നിങ്ങടം രണ്ടുപേരും എട്ട കഷ്ണം റൊട്ടിവീതം തിന്നാൽ പിറ്റെന്നയുള്ള എട്ട കഷ്ണമാണു് മൂന്നാമൻ തിന്നതു്. നിന്റെ റൊട്ടികഷ്ണങ്ങളിൽ നിന്നു് നീ തിന്ന എട്ടെണ്ണം നീക്കിയാൽ ബാക്കി എത്രയുണ്ടു് നിന്റെ വക.

രണ്ടാമൻ:— എന്റെ ഒമ്പതു് റൊട്ടിക്കഷ്ണങ്ങളിൽനിന്നു എട്ടുകഷണം ഞാൻതന്നെ തിന്നാൽ പിന്നെ ഒരു കഷ്ണമേ ബാക്കിയുള്ള.

അലി:— അഞ്ചു റൊട്ടിക്കാരന്റെ പതിനഞ്ചു് കഷണം റൊട്ടിയിൽനിന്നു എട്ട കഷ്ണം റൊട്ടി അയാടം തിന്നതു കഴിച്ചു് ബാക്കി എത്ര കഷണമുണ്ടു്.

രണ്ടാമൻ:— പതിനഞ്ചിനു് എട്ടും പോയാൽ ഏഴു്.

അലി:— നിന്റെ ഒന്നും, ഒന്നാമന്റെ ഏഴും കഷ്ണങ്ങളല്ലെ മൂന്നാമൻ ഭക്ഷിച്ചതു്?

രണ്ടാമൻ:— അതെ!

അലി:— അതിനു് വിലയായിട്ടയാടം തന്ന എട്ടദീഹ്നം ഒരു കഷണം റൊട്ടിക്കൊരു ദീഹ്നം വീതം വിലകണക്കാക്കീട്ടാണു്. കണക്കു് ശരിയല്ലേ.

രണ്ടാമൻ:— അതെ.

അലി:— പ്രസ്തുത കണക്കുപ്രകാരം നിന്റെ ഒരു കഷ്ണം റൊട്ടിക്കെത്തു് വിലയായി.

രണ്ടാമൻ:— ഒരു ദീഹ്നം.

അലി:— എന്നാലിനി അതു വാങ്ങിക്കോളു.

പ്രസ്തുത വിധികേട്ടു് രണ്ടാമൻ അമ്പരന്നുപോയി. ഒന്നാമനിൽനിന്നു് ഒരുദീഹ്നം വാങ്ങിക്കൊണ്ടയാടം മടങ്ങിപ്പോയി.

ഈ വിവരം നബിതിരുമേനി [സ] അറിയുകയും വളരെ അഭിനന്ദിക്കുകയും ചെയ്തു. അതിനുശേഷം നബി [സ] തിരുമേനി അരുളി. നമ്മുടെ വംശത്തിൽ ഇങ്ങിനെ കൃത്യമായി വിധി പറയുവാൻ കഴിവുള്ള ഒരാളുണ്ടായതു് മഹാഭാഗ്യം തന്നെ.

സമാപ്തം.

ഞങ്ങളുടെ ഇസ്ലാംമത പ്രസിദ്ധീകരണങ്ങൾ.

ഇസ്‌ലാമിക പരിഷ്കാരം–ടി. എസ്. ജെ B. A.	0	75
ഇസ്‌ലാമിന്റെ സൌന്ദര്യം–കെ. അബു.	1	75
ഇസ്‌ലാമും സ്ത്രീകളും–ഇ. പി. എം. B. A. L. T.	0	25
ഇസ്‌ലാമിലെ സാമൂഹ്യനിയമങ്ങൾ– P. K. K.	1	00
ഇസ്‌ലാമികനമസ്കാരം–കെ. ബി. അബൂബക്കർ	0	31
നബിവചനങ്ങൾ–ഇമാംനവവി.	0	62
പ്രവാചകന്മാരും തൌഹീദും– S. K. S. ജലീൽ.	0	25
മുസ്‌ലിംദാമ്പത്യശാസ്ത്രം– K. B. അബൂബക്കർ.	0	75
മുസ്‌ലിംനമസ്കാരനിയമങ്ങൾ–എ ബി എസ്	0	19
മുസ്‌ലിംനമസ്കാരക്രമങ്ങൾ– K. B. അബൂബക്കർ	0	62
ഹനഫീഇമാമിന്റെഉപദേശങ്ങൾ C. A. മൌലവി	0	40
സുന്നത്തുനമസ്കാരങ്ങൾ–കെ. ബി. അബൂബക്കർ	0	31
സൂറത്തു് യാസീൻ–പരിഭാഷ P. K. K. മുസ്‌ലിയാർ.	0	62
കർബലായിലെ രക്തക്കളം P. A. നൈനാൻകുട്ടി	2	00
ഇസ്‌ലാംചരിത്രകഥകൾ– K. B. അബൂബക്കർ	1	25
പ്രവാചകപ്പട്ടവും നാലു് ഖലീഫമാരും– P. K. K	5	00
ഇസ്‌ലാമിക കഥകൾ–കെ. ബി. അബൂബക്കർ	1	25
സ്പെയിൻചരിത്രകഥകൾ–അബ്ദുൽഖാദർ ഖാരി	1	00
ബദർവിജയം–കെ. ബി. അബൂബക്കർ	1	00
ഉഹദ്പരാജയം–കെ. ബി. അബൂബക്കർ.	1	00
വിശുദ്ധനബിയുടെരണ്ടു് പിതൃവ്യന്മാർ–കെ.കെ.	0	50
ഹസ്രത്തു് ഈസാനബി–കെ. ബി. അബൂബക്കർ	0	45
നാലുഖലീഫമാർ–അബ്ദുൽ ഖാദർ ഖാരി.	1	00
ഹസ്രത്തു് ബിലാൽ (റ) അബ്ദുൽ ഖാദർ ഖാരി.	0	25
ഖാജാമുഈനുദ്ദീൻചിഷ്ത്തി (റ) കെ. കെ.	0	25

ആമിനാ ബുക്ക് സ്റ്റാൾ,
(ഫോൺ 787) തൃശ്ശൂർ 1.